127


കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം


सत्यमेव जयते

# ഇന്ത്യൻ പങ്കാളിത്ത ആക്ററ്, 1932

(1932-ലെ 9-ാം നമ്പർ ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ)
കമ്മീഷൻ അംഗീകരിച്ചത്


യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1975

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

सत्यमेव जयते

# ഇന്ത്യൻ പങ്കാളിത്ത ആക്ററ്, 1932

(1932-ലെ 9-ാം നമ്പർ ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ)
കമ്മീഷൻ അംഗീകരിച്ചത്

# ഇൻഡ്യൻ പങ്കാളിത്ത ആക്ററ്, 1932

## വകുപ്പുകളുടെ വിന്യാസം

### അദ്ധ്യായം I

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.
2. നിർവ്വചനങ്ങൾ.
3. 1872-ലെ 9-ാം ആക്ററിലെ വ്യവസ്ഥകൾ ബാധകമാക്കൽ.

### അദ്ധ്യായം II

### പങ്കാളിത്തത്തിൻെറ സ്വഭാവം

4. "പങ്കാളിത്തം", "പങ്കാളി", "ഫേം", "ഫേം നാമം"—നിർവ്വചനം.
5. പങ്കാളിത്തം പദവിയാലല്ല സൃഷ്ടിക്കപ്പെടുന്നതെന്ന്.
6. പങ്കാളിത്തം ഉണ്ടോ എന്ന് നിശ്ചയിക്കുന്ന സമ്പ്രദായം.
7. ഇച്ഛാനുസരണ പങ്കാളിത്തം.
8. പ്രത്യേക പങ്കാളിത്തം.

### അദ്ധ്യായം III

### പങ്കാളികളുടെ പരസ്പര ബന്ധങ്ങൾ

9. പങ്കാളികളുടെ സാമാന്യ കർത്തവ്യങ്ങൾ.
10. വഞ്ചനയാലുണ്ടായിട്ടുള്ള നഷ്ടത്തിന് നഷ്ടോത്തരവാദം ചെയ്യാനുള്ള കർത്തവ്യം.
11. പങ്കാളികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററു വഴി നിശ്ചയിക്കൽ.

വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ

12. ബിസിനസ്സിൻെറ നടത്തിപ്പ്.
13. പരസ്പരമുള്ള അവകാശങ്ങളും ബാദ്ധ്യതകളും.
14. ഫേമിൻെറ വസ്തു.
15. ഫേമിൻെറ വസ്തുവിൻെറ ഉപയോജനം.
16. പങ്കാളികൾ ഉപാർജ്ജിക്കുന്ന സ്വന്തലാഭം.
17. പങ്കാളികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും—
    ഫേമിൽ മാററത്തിനു ശേഷം,
    ഫേമിൻെറ കാലാവധി അവസാനിച്ചതിനുശേഷം,
    കൂടുതൽ സംരംഭങ്ങൾ നടത്തുന്നിടത്ത്.

അദ്ധ്യായം IV

പങ്കാളികൾക്ക് മൂന്നാം കക്ഷികളുമായുള്ള ബന്ധം

18. പങ്കാളി ഫേമിൻെറ ഏജൻറ് ആകുമെന്ന്.
19. ഫേമിൻെറ ഏജൻറ് എന്ന നിലയിൽ പങ്കാളിയുടെ വ്യംഗ്യമായ പ്രാധികാരം.
20. പങ്കാളിയുടെ വ്യംഗ്യമായ പ്രാധികാരം വ്യാപിപ്പിക്കുകയും പരിമിതിപ്പെടുത്തുകയും ചെയ്യൽ.
21. ഒരു അടിയന്തരഘട്ടത്തിൽ പങ്കാളിയുടെ പ്രാധികാരം.
22. കൃത്യം ഫേമിനെ ബന്ധിക്കുന്നതിന് അതു ചെയ്യേണ്ട സമ്പ്രദായം.
23. പങ്കാളിയുടെ അഡ്മിഷനുകളുടെ പ്രഭാവം.
24. പ്രവർത്തിക്കുന്ന പങ്കാളിക്കുള്ള നോട്ടീസിൻെറ പ്രഭാവം.
25. ഫേമിൻെറ കൃത്യങ്ങൾക്ക് പങ്കാളിക്കുള്ള ബാദ്ധ്യത.
26. പങ്കാളികളുടെ അന്യായമായ കൃത്യങ്ങൾക്ക് ഫേമിനുള്ള ബാദ്ധ്യത.
27. പങ്കാളികളുടെ ദുരുപയോജനത്തിന് ഫേമിനുള്ള ബാദ്ധ്യത.
28. ധാരണയുണ്ടാക്കൽ.
29. ഒരു പങ്കാളിയുടെ അവകാശം കൈമാററം കിട്ടിയ ആളുടെ അവകാശങ്ങൾ.
30. പങ്കാളിത്തത്തിൽ നിന്നുള്ള ഗുണങ്ങളിൽ മൈനർമാരെ പങ്കുചേർക്കൽ.

അദ്ധ്യായം V

വന്നുചേരുന്നവരും വിട്ടുപോകുന്നവരുമായ പങ്കാളികൾ

31. പങ്കാളിയെ പ്രവേശിപ്പിക്കൽ.
32. പങ്കാളി പിരിഞ്ഞുപോകുന്നത്.
33. പങ്കാളിയെ പുറത്താക്കൽ.
34. പങ്കാളിയുടെ നിർദ്ധനത്വം.
35. മരിച്ചുപോയ പങ്കാളിയുടെ എസ്റേററിൻെറ ബാദ്ധ്യത.
36. വിട്ടുപോകുന്ന ഒരു പങ്കാളിക്ക് മൽസരിച്ച് ബിസിനസ്സ് നടത്തിക്കൊണ്ടുപോകാനുള്ള അവകാശങ്ങൾ.

വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ

37. വിട്ടുപോകുന്ന പങ്കാളിക്ക് ചില സംഗതികളിൽ പിന്നീടുള്ള ലാഭത്തിൽ ഓഹരിക്കുള്ള അവകാശം.
38. ഫേമിലുള്ള മാററം മൂലം തുടരുന്ന ഗാറൻറി പിൻവലിക്കൽ.

### അദ്ധ്യായം VI

### ഫേമിന്റെ വിഘടനം

39. ഫേമിന്റെ വിഘടനം.
40. കരാർ വഴിയുള്ള വിഘടനം.
41. നിർബന്ധ വിഘടനം.
42. ചില ആകസ്മിക സംഭവങ്ങൾ നടക്കുമ്പോഴുള്ള വിഘടനം
43. ഇച്ഛാനുസരണ പങ്കാളിത്തത്തിന്റെ നോട്ടീസു വഴിയുള്ള വിഘടനം.
44. കോടതിയാലുള്ള വിഘടനം.
45. വിഘടനത്തിനുശേഷം പങ്കാളികൾ ചെയ്യുന്ന കൃത്യങ്ങൾക്കുള്ള ബാദ്ധ്യത.
46. പങ്കാളികൾക്ക് വിഘടനത്തിനു ശേഷം ബിസിനസ് പരിസമാപിപ്പിക്കാനുള്ള അവകാശം.
47. പരിസമാപനത്തിന്റെ ആവശ്യങ്ങൾക്ക് പങ്കാളികളുടെ പ്രാധികാരം തുടങ്ങുന്നത്.
48. പങ്കാളികൾ തമ്മിൽ കണക്കു തീർക്കുന്നതിനുള്ള സമ്പ്രദായം.
49. ഫേമിന്റെ കടങ്ങളും വെവ്വേറെയുള്ള കടങ്ങളും കൊടുത്തു തീർക്കൽ.
50. വിഘടനത്തിനുശേഷം ഉപാർജ്ജിക്കുന്ന സ്വന്ത ലാഭങ്ങൾ.
51. കാലത്തിന് മുമ്പുള്ള വിഘടനത്തിൻമേൽ പ്രീമിയം തിരിയെ കൊടുക്കൽ.
52. പങ്കാളിത്തം സംബന്ധിച്ച കാൺട്രാക്റ്റ് വഞ്ചനയോ തെററിദ്ധരിപ്പിക്കലോ കാരണം റദ്ദാക്കുന്നിടത്തുള്ള അവകാശങ്ങൾ.
53. ഫേം നാമമോ ഫേമിന്റെ വസ്തുവോ ഉപയോഗിക്കുന്നതു തടസ്സപ്പെടുത്താനുള്ള അവകാശം.
54. വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ.
55. വിഘടനത്തിനു ശേഷം ഗുഡ്വില്ലിന്റെ വില്പന.

ഗുഡ്വിൽ വാങ്ങുന്ന ആളുടേയും വില്ക്കുന്ന ആളുടേയും അവകാശങ്ങൾ. വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ.

### അദ്ധ്യായം VII

### ഫേമുകളുടെ രജിസ്ട്രേഷൻ

56. ഈ അദ്ധ്യായം ബാധകമാകുന്നതിൽനിന്ന് ഒഴിവാക്കാനുള്ള അധികാരം.
57. രജിസ്ട്രാർമാരുടെ നിയമനം.
58. രജിസ്ട്രേഷനുള്ള അപേക്ഷ.

59. രജിസ്ട്രേഷൻ.
60. ഫേം നാമത്തിലേയും മുഖ്യ ബിസിനസ്സ് സ്ഥലത്തിന്റേയും മാററങ്ങൾ രേഖപ്പെടുത്തൽ.
61. ശാഖകൾ പൂട്ടുന്നതും തുറക്കുന്നതും കുറിക്കുന്നത്.
62. പങ്കാളികളുടെ പേരുകളിലും മേൽവിലാസങ്ങളിലുമുള്ള മാററങ്ങൾ കുറിക്കുന്നത്.
63. ഫേമിലെ മാററങ്ങളും അതിന്റെ വിഘടനവും രേഖപ്പെടുത്തൽ. മൈനർ പിൻവലിക്കുന്നത് രേഖപ്പെടുത്തൽ.
64. തെററുകൾ തിരുത്തൽ.
65. കോടതിയുടെ ഉത്തരവു വഴി രജിസ്ററർ ഭേദഗതി ചെയ്യൽ.
66. രജിസ്റററിന്റേയും ഫയൽചെയ്യപ്പെട്ട രേഖകളുടേയും പരിശോധന.
67. പകർപ്പ് നല്കൽ.
68. തെളിവ് സംബന്ധിച്ച ചട്ടങ്ങൾ.
69. രജിസ്ററർ ചെയ്യാത്തതിന്റെ പ്രഭാവം.
70. വ്യാജമായ വിവരങ്ങൾ നല്കുന്നതിനുള്ള ദണ്ഡനം.
71. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

അദ്ധ്യായം VIII

അനുപൂരകം

72. പബ്ലിക് നോട്ടീസ് നല്കുന്ന സമ്പ്രദായം.
73. (റദ്ദാക്കപ്പെട്ടു)
74. ഒഴിവാക്കൽ.
പട്ടിക—1 പരമാവധി ഫീസ്.
പട്ടിക—2 (റദ്ദാക്കപ്പെട്ടു)

# ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, 1932

(1932-ലെ 9-ാം ആക്റ്റ്)

## പങ്കാളിത്തം സംബന്ധിച്ച നിയമം നിർവ്വചിക്കുവാനും ഭേദഗതി ചെയ്യുവാനുമുള്ള ആക്റ്റ്.

(1932 ഏപ്രിൽ 8.)

പങ്കാളിത്തം സംബന്ധിച്ച നിയമം നിർവ്വചിക്കുകയും ഭേദഗതി ചെയ്യുകയും ചെയ്യുന്നത് സമീചീനമായിരിക്കുകയാൽ ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

### അദ്ധ്യായം I

### പ്രാരംഭികം

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, 1932 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് "69-ാം വകുപ്പൊഴികെ" 1932 അക്റ്റോബർ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതും, 69-ാംവകുപ്പ് 1933 അക്റ്റോബർ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതും ആകുന്നു.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) "ഒരു ഫേമിൻെറ കൃത്യം" എന്നാൽ ആ ഫേമിനാലോ അതിനെതിരായോ പ്രാവർത്തികമാക്കാവുന്ന ഒരു അവകാശം ഉളവാക്കുന്നതും ആ ഫേമിൻെറ പങ്കാളികൾ എല്ലാവരുമാലോ ഏതെങ്കിലും പങ്കാളിയാലോ ഏജൻറിനാലോ ഉള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ എന്നർത്ഥമാകുന്നു;

(ഖ) "ബിസിനസ്സ്" എന്നതിൽ ഏത് വ്യാപാരവും ജീവനവും വൃത്തിയും ഉൾപ്പെടുന്നതാകുന്നു ;

(ഗ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്ന് അർത്ഥമാകുന്നു.

(ഘ) "മൂന്നാംകക്ഷി" എന്ന് ഒരു ഫേമിനേയോ അതിലെ ഒരു പങ്കാളിയേയോ സംബന്ധിച്ച് ഉപയോഗിച്ചാൽ ആ ഫേമിലെ പങ്കാളി അല്ലാത്ത ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നു ;

(ങ) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും, ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1872 (1872-ലെ 9)-ൽ നിർവ്വചിച്ചിട്ടുള്ളതുമായ പദങ്ങൾക്ക്, ആ ആക്റ്റിൽ അവയ്ക്ക് കല്പിച്ചിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. 1872-ലെ 9-ാം ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കൽ.—ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1872-ലെ റദ്ദാക്കപ്പെടാത്ത വ്യവസ്ഥകൾ, ഈ ആക്റ്റിലെ പ്രകടമായ വ്യവസ്ഥകൾക്ക്, അവ അസംഗതമാവുന്നിടത്തോളമൊഴികെ, ഫേമുകൾക്ക് തുടർന്ന് ബാധകമാകുന്നതാണ്.

## അദ്ധ്യായം II
## പങ്കാളിത്തത്തിൻെറ സ്വഭാവം

4 "പങ്കാളിത്തം" "പങ്കാളി", "ഫേം", "ഫേം നാമം" നിർവ്വചനം—"പങ്കാളിത്തം", തങ്ങൾ എല്ലാവരും കൂടിയോ അല്ലെങ്കിൽ എല്ലാവർക്കുംവേണ്ടി പ്രവർത്തിക്കുന്ന തങ്ങളിലാരെങ്കിലുമോ നടത്തുന്ന ബിസിനസ്സിൻെറ ലാഭം ഓഹരിവച്ചെടുക്കുന്നതിന് കരാർ ചെയ്തിട്ടുള്ള ആളുകൾ തമ്മിലുള്ള ബന്ധം ആകുന്നു.

അന്യോന്യം പങ്കാളിത്തത്തിൽ പ്രവേശിച്ചിട്ടുള്ള ആളുകളെ ഒററയ്ക്കു "പങ്കാളികൾ" എന്നും കൂട്ടായി "ഫേം" എന്നും, അവരുടെ ബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്നത് ഏത് പേരിലാണോ, അതിന് "ഫേം നാമം" എന്നും പേർ പറയുന്നു.

5. പങ്കാളിത്തം പദവിയാലല്ല സൃഷ്ടിക്കപ്പെടുന്നതെന്ന്.—പദവിയിൽ നിന്നല്ല കാൺട്രാക്ററിൽനിന്നാണ് പങ്കാളിത്തബന്ധം ഉത്ഭവിക്കുന്നത്,

പ്രത്യേകിച്ചും, ഒരു ഹിന്ദു അവിഭക്ത കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ കുടുംബ ബിസിനസ്സ് നടത്തിപ്പോരുന്ന ആ അംഗങ്ങളോ അല്ലെങ്കിൽ ബർമ്മാക്കാരും ബുദ്ധമതക്കാരുമായ ഭർത്താവും ഭാര്യയും എന്ന നിലയിൽ ബിസിനസ്സ് നടത്തിപ്പോരുന്ന ആ ഭാര്യാഭർത്താക്കന്മാരോ, അങ്ങനെയുള്ള ബിസിനസ്സിലെ പങ്കാളികൾ അല്ല.

6 പങ്കാളിത്തം ഉണ്ടോ എന്ന് നിശ്ചയിക്കുന്ന സമ്പ്രദായം.—ആളുകളുടെ ഒരു ഗ്രൂപ്പ് ഒരു ഫേമാണോ അല്ലയോ എന്നോ, അല്ലെങ്കിൽ ഒരു ആൾ ഒരു ഫേമിലെ പങ്കാളിയാണോ അല്ലയോ എന്നോ നിശ്ചയിക്കുന്നതിൽ പ്രസക്തമായ എല്ലാ വസ്തുതകളും ഒന്നിച്ചെടുത്താൽ കക്ഷികൾ തമ്മിലുള്ളതായി ക്കാണുന്ന യഥാർത്ഥ ബന്ധം പരിഗണിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം—1 വസ്തുവിൽനിന്നുണ്ടാകുന്ന ലാഭമോ മൊത്തവരുമാനമോ, ആ വസ്തുവിൽ കൂട്ടായോ പൊതുവായോ അവകാശ ബന്ധമുള്ള ഓഹരിവച്ചെടുക്കുന്നത്, അതുകൊണ്ടു മാത്രം അങ്ങനെയുള്ള ആളുകളെ പങ്കാളികളാക്കുന്നില്ല.

വിശദീകരണം—2. ഒരു ബിസിനസ്സിലെ ലാഭത്തിൻെറ ഓഹരിയോ അല്ലെങ്കിൽ ഒരു ബിസിനസ്സിൽ ലാഭം ഉപാർജ്ജിക്കുന്നതിനെ സമാശ്രയിച്ചോ അല്ലെങ്കിൽ ഉപാർജ്ജിക്കുന്ന ലാഭം അനുസരിച്ച് വ്യത്യാസപ്പെടുത്തിയോ കൊടുക്കുന്ന പണമോ ഒരാൾ കൈപ്പററുന്നത്, അതുകൊണ്ടുമാത്രം ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നആളുകളുമായി പങ്കാളി ആക്കുന്നതല്ല.

പ്രത്യേകിച്ചും അങ്ങനെയുള്ള ഓഹരിയോ, കൊടുക്കുന്നപണമോ.—

(ക) ഏതെങ്കിലും ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുകയോ ഏർപ്പെടാൻ പോവുകയോ ചെയ്യുന്ന ആളുകൾക്ക് പണം കടം കൊടുക്കുന്ന ഒരാളോ,

(ഖ) വേതനമായി, ഒരു ജീവനക്കാരനോ ഏജൻേറാ,

(ഗ) വർഷാശനമായി, മരിച്ചുപോയ ഒരു പങ്കാളിയുടെ വിധവയോ കുട്ടിയോ,

(ഘ) ഒരു ബിസിനസ്സിൻെറ ഗുഡ്‌വില്ലോ അതിൻെറ ഓഹരിയോ വില്ക്കുന്നതിന് പ്രതിഫലമായി ആ ബിസിനസ്സിൻെറ ഒരു മുൻ ഉടമസ്ഥനോ ഭാഗിക-ഉടമസ്ഥനോ, കൈപ്പററുന്നത്, അതുകൊണ്ടുമാത്രം, കൈപ്പററുന്ന ആളെ ആ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്ന ആളുകളുമായി പങ്കാളി ആക്കുന്നതല്ല.

7. ഇച്ഛാനുസരണ-പങ്കാളിത്തം.—പങ്കാളികൾ തമ്മിൽ, അവരുടെ പങ്കാളിത്തത്തിൻെറ കാലാവധിയ്ക്കോ പര്യവസാനത്തിനോ ഒരു കാൺട്രാക്ററു വഴി വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആ പങ്കാളിത്തം "ഇച്ഛാനുസരണ—പങ്കാളിത്തം" ആകുന്നു.

8. പ്രത്യേക പങ്കാളിത്തം.—ഒരാൾക്ക് പ്രത്യേക പ്രോദ്യമങ്ങളിലോ സംരംഭങ്ങളിലോ മറെറാരാളുമായി ഒരു പങ്കാളിയാകാവുന്നതാണ്.

## അദ്ധ്യായം III

## പങ്കാളികളുടെ പരസ്പര ബന്ധങ്ങൾ

9. പങ്കാളികളുടെ സാമാന്യ കർത്തവ്യങ്ങൾ.—പങ്കാളികൾ ഫേമിൻെറ ബിസിനസ്സ്, തങ്ങൾക്ക് പൊതുവെ ഏററവും കൂടുതൽ പ്രയോജനകരമായി വിധം നടത്തുന്നതിനും പരസ്പരം നീതിയോടും വിശ്വസ്ഥതയോടുംകൂടി വർത്തിക്കുന്നതിനും, ഏതു പങ്കാളിയ്ക്കും അല്ലെങ്കിൽ അയാളുടെ നിയമാനുസൃത പ്രതിനിധിയ്ക്കും യഥാർത്ഥ കണക്കുകളും ആ ഫേമിനെ ബാധിക്കുന്ന എല്ലാ സംഗതികളുടേയും പൂർണ്ണമായ വിവരവും നല്കുന്നതിനും ബാദ്ധ്യസ്ഥരാകുന്നു.

10. വഞ്ചനയാലുണ്ടായിട്ടുള്ള നഷ്ടത്തിന് നഷ്ടോത്തരവാദം ചെയ്യാനുള്ള കർത്തവ്യം.—ഓരോ പങ്കാളിയും, ഫേമിൻെറ ബിസിനസ്സിൻെറ നടത്തിപ്പിൽ തൻെറ വഞ്ചനയാൽ ഫേമിന് ഉണ്ടായിട്ടുള്ള ഏതു നഷ്ടത്തിനും നഷ്ടോത്തരവാദം ചെയ്യേണ്ടതാകുന്നു.

11. പങ്കാളികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററുവഴി നിശ്ചയിക്കുന്നത്.—(1) ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഫേമിലെ പങ്കാളികളുടെ പരസ്പരമുള്ള അവകാശങ്ങളും കർത്തവ്യങ്ങളും ആ പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററ് വഴി നിശ്ചയിക്കപ്പെടാവുന്നതും അങ്ങനെയുള്ള കാൺട്രാക്ററ് പ്രകടമാക്കിയിട്ടുള്ളതോ അല്ലെങ്കിൽ ഇടപാടു മുറയാൽ വ്യഞ്ജിക്കപ്പെട്ടിട്ടുള്ളതോ ആകാവുന്നതുമാണ്.

അങ്ങനെയുള്ള കാൺട്രാക്ററ് എല്ലാ പങ്കാളികളുടേയും സമ്മതത്തോടുകൂടി വ്യത്യാസപ്പെടുത്താവുന്നതും, അങ്ങനെയുള്ള സമ്മതം പ്രകടമാക്കിയിട്ടുള്ളതോ അല്ലെങ്കിൽ ഇടപാടുമുറയാൽ വ്യഞ്ജിക്കപ്പെട്ടിട്ടുള്ളതോ ആകാവുന്നതുമാണ്.

(2) വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ.—അങ്ങനെയുള്ള കാൺട്രാക്ററുകൾക്ക് ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872-ലെ 9) 27-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു പങ്കാളി, പങ്കാളി ആയിരിക്കുമ്പോൾ ആ ഫേമിൻെറതല്ലാതെയുള്ള മറേറതെങ്കിലും ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

12. ബിസിനസ്സിൻെറ നടത്തിപ്പ്.—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി—

(ക) ഓരോ പങ്കാളിക്കും ബിസിനസ്സിൻെറ നടത്തിപ്പിൽ പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതും,

(ഖ) ഓരോപങ്കാളിയും, ആ ബിസ്നസ്സിൻെറ നടത്തിപ്പിലുള്ള തൻെറ കർത്തവ്യങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും,

(ഗ) ബിസിനസ്സുമായി ബന്ധപ്പെട്ട സാധാരണകാര്യങ്ങൾ സംബന്ധിച്ച് ഉത്ഭവിക്കുന്ന ഏത് തർക്കവും പങ്കാളികളുടെ ഭൂരിപക്ഷമനുസരിച്ച് തീരുമാനിക്കാവുന്നതും ഓരോ പങ്കാളിക്കും കാര്യം തീരുമാനിക്കുന്നതിനു മുമ്പായി തൻെറ അഭിപ്രായം പ്രകടിപ്പിക്കാൻ അവകാശമുണ്ടായിരിക്കുന്നതും, എന്നാൽ എല്ലാ പങ്കാളികളുടേയും സമ്മതം കൂടാതെ ബിസിനസ്സിൻെറ സ്വഭാവത്തിൽ യാതൊരു മാററവും വരുത്താൻ പാടില്ലാത്തതും,

(ഘ) ഓരോ പങ്കാളിക്കും ഫേമിൻെറ ഏതെങ്കിലും ബുക്കുകൾ എടുക്കാനും പരിശോധിക്കാനും പകർത്താനും അവകാശമുണ്ടായിരിക്കുന്നതും, ആകുന്നു.

13. പരസ്പരമുള്ള അവകാശങ്ങളും ബാദ്ധ്യതകളും.—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി—

(ക) ഒരു പങ്കാളിക്ക് ബിസിനസ്സിൻെറ നടത്തിപ്പിൽ പങ്കെടുക്കുന്നതിന് വേതനം സ്വീകരിക്കുവാൻ അവകാശമില്ലാത്തതും,

(ഖ) ഫേം ഉപാർജ്ജിക്കുന്ന ലാഭം സമമായി ഓഹരിവെച്ചെടുക്കാൻ പങ്കാളികൾക്ക് അവകാശമുള്ളതും ഫേമിന് നേരിടുന്ന നഷ്ടങ്ങൾക്ക് അവർ സമമായി അംശദാനം ചെയ്യേണ്ടതും,

(ഗ) ഒരു പങ്കാളിക്ക് അയാൾ വരിയായി കൊടുക്കുന്ന മൂലധനത്തിൻമേൽ പലിശയ്ക്ക് അവകാശമുള്ളപ്പോൾ അങ്ങനെയുള്ള പലിശ ലാഭത്തിൽ നിന്നു മാത്രം കൊടുക്കേണ്ടതും,

(ഘ) താൻ വരിയായി കൊടുക്കാമെന്ന് കരാർ ചെയ്തിട്ടുള്ള മൂലധന സംഖ്യയിൽ കവിഞ്ഞ ഏതെങ്കിലും സംഖ്യയോ അഡ്വാൻസോ ബിസിനസ്സിൻെറ ആവശ്യങ്ങൾക്കായി നല്കുന്ന ഒരു പങ്കാളിക്ക് അതിൻമേൽ പ്രതിവർഷം ആറു ശതമാനം നിരക്കിലുള്ള പലിശയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതും,

(ങ) ഒരു പങ്കാളി—

(i) ബിസിനസ്സിൻെറ സാധാരണമായതും ശരിയായതുമായ നടത്തിപ്പിലും,

(ii) ഒരു അടിയന്തരഘട്ടത്തിൽ, അതുപോലുള്ള പരിത:സ്ഥിതികളിൽ സാമാന്യവിവേകമുള്ള ഒരാൾ സ്വന്തം കാര്യത്തിൽ ചെയ്യുന്നതുപോലെ ഫേമിനെ നഷ്ടത്തിൽനിന്ന് രക്ഷിക്കേണ്ട ആവശ്യത്തിനുള്ള ഒരു കൃത്യം അയാൾ ചെയ്യുന്നതിലും,

കൊടുക്കുന്ന പണവും നേരിടുന്ന ബാദ്ധ്യതകളും സംബന്ധിച്ച് ഫേം അയാൾക്ക് നഷ്ടോത്തരവാദം ചെയ്യേണ്ടതും,

(ച) ഫേമിൻെറ ബിസിനസ്സ് നടത്തിപ്പിൽ ഒരു പങ്കാളിയുടെ മന:പൂർവ്വമായ ഉപേക്ഷയാൽ ഫേമിനുണ്ടായ ഏതെങ്കിലും നഷ്ടത്തിന് അയാൾ നഷ്ടോത്തരവാദം ചെയ്യേണ്ടതും, ആകുന്നു.

14. ഫേമിൻെറ സ്വത്ത്:—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി, ഫേമിൻെറ സ്വത്തിൽ, ആദ്യമേതന്നെ ഫേമിൻെറ സ്ററാക്കിൽ കൊണ്ടുവരുകയോ അല്ലെങ്കിൽ ഫേമിനാലോ ഫേമിനുവേണ്ടിയോ ഫേമിൻെറ ബിസിനസ്സിൻെറ ആവശ്യത്തിനും ഗതിയിലും വിലയ്ക്കു വാങ്ങിയോ മററുവിധത്തിലോ ആർജ്ജിക്കുകയോ ചെയ്തിട്ടുള്ള എല്ലാ സ്വത്തും സ്വത്തിലെ അവകാശങ്ങളും അവകാശബന്ധങ്ങളും ഉൾപ്പെടുന്നതും കൂടാതെ ബിസിനസ്സിൻെറ ഗുഡ്വില്ലും ഉൾപ്പെടുന്നതുമാകുന്നു.

വിപരീതമായ ഉദ്ദേശ്യം തോന്നാത്തപക്ഷം, ഫേമിൻെറ വകയായ പണം കൊണ്ട് ആർജ്ജിച്ച സ്വത്തും സ്വത്തിലെ അവകാശങ്ങളും അവകാശബന്ധങ്ങളും ഫേമിനുവേണ്ടി ആർജ്ജിക്കപ്പെട്ടതായി കരുതപ്പെടുന്നതാകുന്നു.

15. ഫേമിൻെറ സ്വത്തിൻെറ ഉപയോജനം—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി, ഫേമിൻെറ സ്വത്തു പങ്കാളികൾ ബിസിനസ്സിൻെറ ആവശ്യങ്ങൾക്കായി മാത്രം, കൈവശം വയ്ക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതാകുന്നു.

16. പങ്കാളികൾ ഉപാർജ്ജിക്കുന്ന സ്വന്ത ലാഭം—. പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി—

(ക) ഒരു പങ്കാളി ഫേമിൻെറ ഏതെങ്കിലും ഇടപാടിൽനിന്നോ, അല്ലെങ്കിൽ ഫേമിൻെറ സ്വത്തോ ബിസിനസ്സ് ബന്ധമോ ഫേംനാമമോ ഉപയോഗിക്കുന്നതിൽനിന്നോ ഏതെങ്കിലും ലാഭം തനിക്കായി നേടുന്നുവെങ്കിൽ, അയാൾ ആ ലാഭത്തിന് കണക്കുപറയുകയും അത് ഫേമിന് കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

(ഖ) ഫേമിൻെറ ബിസിനസ്സിൻെറ അതേ സ്വഭാവത്തോടുകൂടിയതും അതിനോട് മൽസരിക്കുന്നതുമായ ഏതെങ്കിലും ബിസിനസ്സ് ഒരു പങ്കാളി നടത്തിക്കൊണ്ടുപോകുന്നുവെങ്കിൽ, ആ ബിസിനസ്സിൽ അയാൾ ഉണ്ടാക്കുന്ന എല്ലാ ലാഭത്തിനും കണക്കു പറയുകയും അത് ഫേമിനു കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

17. പങ്കാളികളുടെ അവകാശങ്ങളും കർത്തവ്യങ്ങളും:—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി,

(ക) ഫേമിൽ മാററത്തിനുശേഷം:—ഫേമിൻെറ ഘടനയിൽ മാററം ഉണ്ടാകുന്നിടത്ത് പുനഃസംഘടിപ്പിക്കപ്പെട്ട ഫേമിലെ പങ്കാളികളുടെ പരസ്പരമുള്ള അവകാശങ്ങളും കർത്തവ്യങ്ങളും കഴിയുന്നിടത്തോളം, ആ മാററത്തിന് തൊട്ടുമുമ്പുണ്ടായിരുന്നതു പോലെതന്നെ അവശേഷിക്കുന്നതും,

(ഖ) ഫേമിൻെറ കാലാവധിഅവസാനിച്ചതിനുശേഷം.—നിജപ്പെടുത്തിയ ഒരു കാലാവധിക്ക് സംഘടിപ്പിക്കപ്പെട്ട ഒരു ഫേം, ആ കാലാവധി അവസാനിച്ചതിനുശേഷവും ബിസിനസ്സ് തുടർന്നു നടത്തിക്കൊണ്ടുപോകുന്നിടത്ത്, പങ്കാളികളുടെ പരസ്പരമുള്ള അവകാശങ്ങളും കർത്തവ്യങ്ങളും, അവ ഒരു ഇച്ഛാനുസരണപങ്കാളിത്തത്തിൻെറ ഉപസംഗതികൾക്ക് സംഗതമായേക്കാവുന്നിടത്തോളം, കാലാവധിയുടെ അവസാനത്തിനുമുമ്പുണ്ടായിരുന്നതുപോലെതന്നെ അവശേഷിക്കുന്നതും,

(ഗ) കൂടുതൽ സംരംഭങ്ങൾ നടത്തുന്നിടത്ത്,— ഒന്നോ അധിലധികമോ പ്രോദ്യമങ്ങളോ സംരംഭങ്ങളോ നടത്താനായി സംഘടിപ്പിക്കപ്പെട്ട ഒരു ഫേം മററു പ്രോദ്യമങ്ങളോ സംരംഭങ്ങളോ നടത്തുന്നിടത്ത്, ആ മററു പ്രോദ്യമ

ങ്ങളോ സംരംഭങ്ങളോ സംബന്ധിച്ച് പങ്കാളികാംക്ക് പരസ്പരമുള്ള അവകാശങ്ങളും കർത്തവ്യങ്ങളും ആദ്യമുള്ള പ്രോദ്യമങ്ങളോ സംരംഭങ്ങളോ സംബന്ധിച്ചുള്ളവ തന്നെയായിരിക്കുന്നതും,

ആകുന്നു.

## അദ്ധ്യായം IV

## പങ്കാളികാംക്ക് മൂന്നാം കക്ഷികളുമായുള്ള ബന്ധം

18. പങ്കാളി, ഫേമിൻെറ ഏജൻറ് ആകുമെന്ന്.—ഈ ആക്ററിലെ വ്യവസ്ഥകാംക്ക് വിധേയമായി, പങ്കാളി ഫേമിൻെറ ബിസിനസ്സിൻെറ ആവശ്യങ്ങാംക്ക് ഫേമിൻെറ ഏജൻറാകുന്നു.

19. ഫേമിൻെറ ഏജൻറന്ന നിലയിൽ പങ്കാളിയുടെ വ്യംഗ്യമായ പ്രാധികാരം.— (1) 22—ാം വകുപ്പിലെ വ്യവസ്ഥകാംക്ക് വിധേയമായി, ഫേം നടത്തിക്കൊണ്ടുപോകുന്ന തരത്തിലുള്ള ബിസിനസ്സ് സാധാരണ ഗതിയിൽ നടത്തിക്കൊണ്ടുപോകുന്നതിനായി ഒരു പങ്കാളി ചെയ്യുന്ന കൃത്യം ഫേമിനെ ബന്ധിക്കുന്നതാകുന്നു.

ഫേമിനെ ബന്ധിക്കുന്നതിന്, ഈ വകുപ്പ് നല്കുന്ന പങ്കാളിയുടെ പ്രാധികാരത്തിന്, അയാളുടെ "വ്യംഗ്യമായ പ്രാധികാരം" എന്നു പറയുന്നു.

(2) വിപരീതമായി വ്യാപാരപരമായ ഏതെങ്കിലും വഴക്കമോ ആചാരമോ ഇല്ലെങ്കിൽ പങ്കാളിയുടെ വ്യംഗ്യമായ പ്രാധികാരം അയാളെ—

(ക) ഫേമിൻെറ ബിസിനസ്സ് സംബന്ധിച്ച ഒരു തർക്കം മദ്ധ്യസ്ഥത്തിന് സമർപ്പിക്കുകയോ,

(ഖ) ഫേമിനുവേണ്ടി തൻെറ സ്വന്തംപേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുറക്കുകയോ,

(ഗ) ഫേമിൻെറ ഏതെങ്കിലും അവകാശവാദമോ, അവകാശവാദത്തിൻെറ ഭാഗമോ രാജിയാക്കുകയോ ത്യജിക്കുകയോ,

(ഘ) ഫേമിനുവേണ്ടി ഫയൽ ചെയ്തിട്ടുള്ള ഒരു വ്യവഹാരമോ നടപടിയോ പിൻവലിക്കുകയോ,

(ങ) ഫേമിന് എതിരായ ഒരു വ്യവഹാരത്തിലോ നടപടിയിലോ ഉള്ള ഏതെങ്കിലും ബാദ്ധ്യത അഡ്മിററ് ചെയ്യുകയോ,

(ച) ഫേമിനുവേണ്ടി സ്ഥാവരവസ്തു ആർജ്ജിക്കുകയോ,

(ഛ) ഫേമിൻെറ വകയായ സ്ഥാവരവസ്തു കൈമാററം ചെയ്യുകയോ,

(ജ) ഫേമിനുവേണ്ടി പങ്കാളിത്തത്തിൽ ചേരുകയോ ചെയ്യാൻ അധികാരപ്പെടുത്തുന്നില്ല.

20. പങ്കാളിയുടെ വ്യംഗ്യമായ പ്രാധികാരം വ്യാപിപ്പിക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യൽ —ഒരു ഫേമിലെ പങ്കാളികാംക്ക്, ആ പങ്കാളികാം തമ്മിലുള്ള കാൺട്രാക്ററുവഴി ഏതെങ്കിലും പങ്കാളിയുടെ വ്യംഗ്യമായ പ്രാധികാരം വ്യാപിപ്പിക്കുകയോ പരിമിതിപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

അങ്ങനെയുള്ള ഏതെങ്കിലും പരിമിതി ഉണ്ടായിരുന്നാൽതന്നെയും, ഒരു പങ്കാളിയുടെ വ്യംഗ്യമായ പ്രാധികാരത്തിനുള്ളിൽ വരുന്നതും ഫേമിനുവേണ്ടി

അയാൾ ചെയ്തിട്ടുള്ളതുമായ ഏതു കൃത്യവും, അയാൾ ഏതു ആളുമായി ഇടപെടുന്നുവോ ആ ആൾ ആ പരിമിതിയെപ്പററി അറിയുകയോ അല്ലെങ്കിൽ ആ പങ്കാളി ഒരു പങ്കാളി ആണെന്ന് അറിയാതിരിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാത്തപക്ഷം, ഫേമിനെ ബന്ധിക്കുന്നതാകുന്നു.

21. ഒരു അടിയന്തിരഘട്ടത്തിൽ പങ്കാളിയുടെ പ്രാധികാരം.—ഒരു അടിയന്തിരഘട്ടത്തിൽ, അതുപോലുള്ള പരിതഃസ്ഥിതികളിൽ, സാമാന്യവിവേകമുള്ള ഒരാൾ സ്വന്തം കാര്യത്തിൽ ചെയ്യുന്നതുപോലെ, ഫേമിനെ നഷ്ടത്തിൽനിന്നു രക്ഷിക്കേണ്ട ആവശ്യത്തിനുള്ള എല്ലാ കൃത്യങ്ങളും ചെയ്യാൻ ഒരു പങ്കാളിക്ക് പ്രാധികാരം ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള കൃത്യങ്ങൾ ഫേമിനെ ബന്ധിക്കുന്നതും ആകുന്നു.

22. കൃത്യം ഫേമിനെ ബന്ധിക്കുന്നതിന് അതു ചെയ്യേണ്ട സമ്പ്രദായം.—ഫേമിനെ ബന്ധിക്കണമെങ്കിൽ, ഫേമിനുവേണ്ടി ഒരു പങ്കാളിയോ മറേറാരാളോ ചെയ്യുന്ന കൃത്യമോ ഒപ്പിട്ട് പൂർത്തീകരിക്കുന്ന പ്രമാണമോ ഫേമിന്റെ പേരിലോ ഫേമിനെ ബന്ധിക്കുന്നതിനുള്ള ഉദ്ദേശം പ്രകടമാക്കുകയോ വ്യഞ്ജിപ്പിക്കുകയോ ചെയ്യുന്ന മറേറതെങ്കിലും രീതിയിലോ, ചെയ്യുകയോ ഒപ്പിട്ടു പൂർത്തീകരിക്കുകയോ ചെയ്യേണ്ടതാകുന്നു.

23. പങ്കാളിയുടെ അഡ്മിഷനുകളുടെ പ്രഭാവം.—ഫേമിന്റെ കാര്യങ്ങൾ സംബന്ധിച്ച് ഒരു പങ്കാളി ചെയ്യുന്ന അഡ്മിഷനോ നിവേദനമോ, സാധാരണ ബിസിനസ്സ് മുറയിൽ ചെയ്തതാണെങ്കിൽ, ഫേമിനെതിരായി തെളിവാകുന്നതാണ്.

24. പ്രവർത്തിക്കുന്ന പങ്കാളിക്കുള്ള നോട്ടീസിന്റെ പ്രഭാവം.—ഒരു ഫേമിന്റെ കാര്യങ്ങൾ സംബന്ധിച്ച ഏതെങ്കിലും സംഗതിയെക്കുറിച്ച് ഫേമിന്റെ ബിസിനസ്സിൽ പതിവായി പ്രവർത്തിക്കുന്ന ഒരു പങ്കാളിക്ക് നൽകുന്ന നോട്ടീസ്, ആ പങ്കാളിയാലോ അയാളുടെ സമ്മതത്തോടുകൂടിയോ ഫേമിനോടു ചെയ്യപ്പെട്ട ഒരു വഞ്ചനയുടെ സംഗതിയിലൊഴികെ, ഫേമിനുള്ള നോട്ടീസായി പ്രാവർത്തികമാകുന്നതാണ്.

25. ഫേമിന്റെ കൃത്യങ്ങൾക്ക് പങ്കാളിക്കുള്ള ബാദ്ധ്യത.—ഓരോ പങ്കാളിക്കും, താൻ പങ്കാളി ആയിരിക്കുമ്പോൾ ചെയ്യപ്പെട്ടിട്ടുള്ള ഫേമിന്റെ എല്ലാ കൃത്യങ്ങൾക്കും, മറെറല്ലാ പങ്കാളികളുമായി കൂട്ടായും വെവ്വേറെയായും ബാദ്ധ്യതയുണ്ട്.

26. പങ്കാളികളുടെ അന്യായമായ കൃത്യങ്ങൾക്ക് ഫേമിനുള്ള ബാദ്ധ്യത.—ഒരു ഫേമിന്റെ സാധാരണ ബിസിനസ്സ് മുറയിലോ തന്റെ പങ്കാളികളുടെ പ്രാധികാരത്തോടുകൂടിയോ പ്രവർത്തിക്കുന്ന ഒരു പങ്കാളിയുടെ അന്യായമായ കൃത്യത്താലോ കൃത്യവിലോപത്താലോ നഷ്ടമോ ക്ഷതിയോ ഏതെങ്കിലും മൂന്നാം കക്ഷിക്ക് ഉണ്ടാകുകയോ ഏതെങ്കിലും ദണ്ഡനം നേരിടേണ്ടിവരികയോ ചെയ്യുന്നുവെങ്കിൽ, അതിന് ആ പങ്കാളിയോളംതന്നെ ഫേമിനും ബാദ്ധ്യതയുണ്ട്.

27. പങ്കാളികളുടെ ദുരുപയോജനത്തിന് ഫേമിനുള്ള ബാദ്ധ്യത.—(ക) ഉണ്ടെന്നു തോന്നിക്കുന്ന തന്റെ പ്രാധികാരത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു പങ്കാളി, മൂന്നാമതൊരു കക്ഷിയിൽനിന്ന് പണമോ വസ്തുവോ സ്വീകരിക്കുകയും അത് ദുരുപയോജനം ചെയ്യുകയും ചെയ്യുന്നിടത്തോ,

**അല്ലെങ്കിൽ**

(ഖ) ഒരു ഫേം അതിൻെറ ബിസിനസ്സ് മുറയിൽ മൂന്നാമതൊരു കക്ഷിയിൽനിന്ന് പണമോ വസ്തുവോ സ്വീകരിക്കുകയും അത് ഫേമിൻെറ കസ്ററഡിയിൽ ഇരിക്കുമ്പോൾ ഏതെങ്കിലും പങ്കാളികൾ ആ പണമോ വസ്തുവോ ദുരുപയോജനം ചെയ്യുകയും ചെയ്യുന്നിടത്തോ,

ആ നഷ്ടം പരിഹരിക്കാൻ ഫേമിന് ബാദ്ധ്യതയുണ്ട്.

28. ധാരണയുണ്ടാക്കൽ.—(1) പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ പെരുമാററത്താലോ താൻ ഒരു ഫേമിലെ പങ്കാളിയാണെന്ന് ധരിപ്പിക്കുകയോ ധരിപ്പിക്കപ്പെടുവാൻ അറിഞ്ഞുകൊണ്ട് അനുവദിക്കുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ഏതെങ്കിലും ധരിപ്പിക്കലിൻെറ വിശ്വാസത്തിൻമേൽ ആ ഫേമിന് ക്രെഡിററ് അനുവദിക്കുന്ന ഏതെങ്കിലും ആളോട് അപ്രകാരം ക്രെഡിററ് അനുവദിക്കുന്ന ആളുടെ അടുക്കൽ ആ ധരിപ്പിക്കൽ എത്തിയിട്ടുണ്ട് എന്ന് താൻ ഒരു പങ്കാളിയാണെന്ന് ധരിപ്പിക്കുകയോ ധരിപ്പിക്കപ്പെടുകയോ ചെയ്യുന്ന ആൾക്ക് അറിവുണ്ടെങ്കിലും ഇല്ലെങ്കിലും, ആ ഫേമിലെ പങ്കാളി എന്ന നിലയിൽ ബാദ്ധ്യതയുള്ളവനാകുന്നു.

(2) ഒരു പങ്കാളിയുടെ മരണശേഷം ബിസിനസ്സ്, പഴയ ഫേം നാമത്തിൽ തുടരുകയാണെങ്കിൽ, ആ നാമമോ അല്ലെങ്കിൽ അതിൻെറ ഭാഗമെന്ന നിലയിൽ മരിച്ച പങ്കാളിയുടെ പേരോ തുടർന്ന് ഉപയോഗിക്കുന്നത്, അതുകൊണ്ടുമാത്രം. അയാളുടെ മരണശേഷം ചെയ്യപ്പെട്ട ഫേമിൻെറ ഏതെങ്കിലും കൃത്യത്തിന് അയാളുടെ നിയമാനുസൃതപ്രതിനിധിക്കോ അയാളുടെ എസ്റേററിനോ ബാദ്ധ്യതയുണ്ടാക്കുന്നില്ല.

29. ഒരു പങ്കാളിയുടെ അവകാശം കൈമാററംകിട്ടിയ ആളുടെ അവകാശങ്ങൾ.—(1) ഒരു പങ്കാളി, ഫേമിലെ തൻെറ അവകാശം പൂർണ്ണമായോ പണയത്തിൻമേലോ അല്ലെങ്കിൽ അങ്ങനെയുള്ള അവകാശത്തിൻമേൽ ചാർജ്ജ് സൃഷ്ടിച്ചോ കൈമാററംചെയ്യുന്നത് ഫേം തുടരുന്ന കാലത്ത് ഫേമിൻെറ ബിസിനസ്സ് നടത്തിപ്പിൽ ഇടപെടാനോ കണക്കുകൾ ആവശ്യപ്പെടുവാനോ ഫേമിൻെറ ബുക്കുകൾ പരിശോധിക്കുവാനോ, കൈമാററംകിട്ടിയ ആൾക്ക് അവകാശം നല്കുന്നതല്ലാത്തതും, എന്നാൽ ലാഭത്തിൽ കൈമാററം കൊടുക്കുന്ന പങ്കാളിക്കുള്ള ഓഹരി ലഭിക്കുവാൻ മാത്രം കൈമാററം കിട്ടിയ ആൾക്ക് അവകാശം നല്കുന്നതും, പങ്കാളികൾ സമ്മതിക്കുന്ന ലാഭക്കണക്ക് കൈമാററം കിട്ടിയ ആൾ സ്വീകരിക്കേണ്ടതും ആകുന്നു.

(2) ഫേം വിഘടിതമാവുകയോ, കൈമാററം കൊടുക്കുന്ന പങ്കാളി, പങ്കാളി അല്ലാതായിത്തീരുകയോ ചെയ്യുന്നുവെങ്കിൽ ഫേമിൻെറ ആസ്തികളിൽ കൈമാററം കൊടുക്കുന്ന പങ്കാളിക്ക് അവകാശമുള്ള ഓഹരി ലഭിക്കുന്നതിനും, ആ ഓഹരി തിട്ടപ്പെടുത്താനായി വിഘടനം ചെയ്യപ്പെട്ട തീയതി മുതലുള്ള കണക്കിനും കൈമാററം കിട്ടിയ ആൾക്ക് ശേഷിക്കുന്ന പങ്കാളികൾക്കെതിരായി, അവകാശം ഉണ്ടായിരിക്കുന്നതാണ്.

30. പങ്കാളിത്തത്തിൽനിന്നുള്ള ഗുണങ്ങളിൽ മൈനർമാരെ പങ്കുചേർക്കൽ.—(1) താൻ ഏതു് നിയമത്തിന് വിധേയനാണോ, ആ നിയമമനുസരിച്ച് മൈനർ ആയ ഒരാൾക്ക് ഒരു ഫേമിലെ പങ്കാളിയാകാവുന്നതല്ല, എന്നാൽ ആ സമയത്ത് പങ്കാളികളായ എല്ലാവരുടേയും സമ്മതത്തോടുകൂടി അയാളെ പങ്കാളിത്തത്തിൽനിന്നുള്ള ഗുണങ്ങളിൽ പങ്കുചേർക്കാവുന്നതാണ്.

(2) അങ്ങനെയുള്ള മൈനർക്ക് ഫേമിൻെറ സ്വത്തിലും ലാഭത്തിലും കരാർ ചെയ്തിട്ടുള്ള ഓഹരിക്ക് അവകാശമുണ്ടായിരിക്കുന്നതും അയാൾക്ക്

ആ ഫേമിന്റെ കണക്കുകളിൽ ഏതും എടുക്കുകയും പരിശോധിക്കുകയും പകർത്തുകയും ചെയ്യാവുന്നതും ആണ്.

(3) അങ്ങനെയുള്ള മൈനറുടെ ഓഹരി ഫേമിന്റെ കൃത്യങ്ങൾക്ക് ബാദ്ധ്യതപ്പെട്ടതാണ്; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും കൃത്യത്തിന്, മൈനർക്ക് സ്വന്തം നിലയിൽ ബാദ്ധ്യതയില്ല.

(4) അങ്ങനെയുള്ള മൈനർക്ക് ഫേമിന്റെ സ്വത്തിലോ ലാഭത്തിലോ ഉള്ള തന്റെ ഓഹരിയുടെ കണക്കിനോ ഓഹരി കിട്ടുന്നതിനോ പങ്കാളികൾക്കെതിരായി ഫേമുമായി ഉള്ള അയാളുടെ ബന്ധം വേർപെടുത്തുമ്പോഴൊഴികെ, വ്യവഹാരപ്പെടാവുന്നതല്ലാത്തതും, അങ്ങനെ വ്യവഹാരപ്പെടുന്ന സംഗതിയിൽ അയാളുടെ ഓഹരിത്തുക കഴിയുന്നിടത്തോളം 48-ാം വകുപ്പിൽ അടങ്ങിയ ചട്ടങ്ങൾ അനുസരിച്ച് ചെയ്യുന്ന വിലനിർണ്ണയപ്രകാരം നിശ്ചയിക്കപ്പെടുന്നതും ആകുന്നു :

എന്നാൽ അങ്ങനെയുള്ള വ്യവഹാരത്തിൽ, എല്ലാ പങ്കാളികളും ഒന്നിച്ചു ചേർന്നോ അല്ലെങ്കിൽ മററു പങ്കാളികൾക്ക് നോട്ടീസ് നല്കി ഫേം പിരിച്ചു വിടുന്നതിന് അവകാശമുള്ള ഏതെങ്കിലും പങ്കാളിക്കോ, ഫേം ഐശ്ഛികമായി പിരിച്ചുവിടാവുന്നതും, അപ്പോൾ കോടതി, ആ വ്യവഹാരം പിരിച്ചുവിടുന്നതിനും പങ്കാളികൾ തമ്മിലുള്ള കണക്കുകൾ തീർക്കുന്നതിനുംവേണ്ടിയുള്ള ഒരു വ്യവഹാരമായി തുടരേണ്ടതും മൈനറുടെ ഓഹരിത്തുക പങ്കാളികളുടെ ഓഹരികളോടൊപ്പം നിശ്ചയിക്കപ്പെടുന്നതും ആകുന്നു.

(5) അങ്ങനെയുള്ള ആൾക്ക്, താൻ മേജറായതോ അല്ലെങ്കിൽ തന്നെ പങ്കാളിത്തത്തിൽനിന്നുള്ള ഗുണങ്ങളിൽ പങ്കുചേർന്നിട്ടുണ്ടായിരുന്നുവെന്ന് തനിക്ക് അറിവു കിട്ടിയതോ ആയ തീയതികളിൽ പിന്നീടുള്ളതിന്റെ ആറു മാസത്തിനകം ഏതെങ്കിലും സമയത്ത് ഫേമിൽ പങ്കാളിയാകുവാൻ താൻ ഐശ്ഛികമായി നിശ്ചയിച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ പങ്കാളിയാകാതിരിക്കുവാൻ താൻ ഐശ്ചികമായി നിശ്ചയിച്ചിട്ടുണ്ടെന്നോ ഒരു പബ്ലിക്ക് നോട്ടീസ് നല്കാവുന്നതും അങ്ങനെയുള്ള നോട്ടീസ് ഫേമിനെ സംബന്ധിച്ച അയാളുടെ സ്ഥിതി നിശ്ചയിക്കുന്നതും ആകുന്നു:

എന്നാൽ അയാൾ അങ്ങനെയുള്ള നോട്ടീസ് നല്കാതിരിക്കുന്നുവെങ്കിൽ മേല്പറഞ്ഞ ആറു മാസം അവസാനിക്കുമ്പോൾ അയാൾ ഫേമിലെ പങ്കാളിയാകുന്നതാണ്.

(6) ഒരു ഫേമിൽ പങ്കാളിത്തത്തിൽനിന്നുള്ള ഗുണങ്ങളിൽ ഒരു മൈനറായി ഏതെങ്കിലും ആളെ പങ്കുചേർത്തിട്ടുണ്ടെങ്കിൽ, അങ്ങനെയുള്ള ആൾ മേജർ ആയിത്തീർന്ന് ആറുമാസം അവസാനിച്ചതിനുശേഷമുള്ള ഒരു പ്രത്യേക തീയതിവരെ, അങ്ങനെ പങ്കുചേർത്തതിനെപ്പററി അയാൾക്ക് അറിവുണ്ടായിരുന്നില്ല എന്ന വസ്തുത തെളിയിക്കേണ്ട ഭാരം, വസ്തുത അങ്ങനെയാണെന്നു പറയുന്ന ആളുകൾക്കാകുന്നു.

(7) അങ്ങനെയുള്ള ആൾ ഒരു പങ്കാളിയാകുന്നിടത്ത്,—

(ക) മൈനർ എന്ന നിലയിലുള്ള അയാളുടെ അവകാശങ്ങളുംബാദ്ധ്യതകളും അയാൾ പങ്കാളിയാകുന്ന തീയതിവരെ തുടരുന്നതും, എന്നാൽ പങ്കാളിത്തത്തിൽനിന്നുള്ള ഗുണങ്ങളിൽ അയാളെ പങ്കുചേർത്തതുമുതൽ ചെയ്യപ്പെട്ടിട്ടുള്ള ഫേമിന്റെ എല്ലാ കൃത്യങ്ങൾക്കും മൂന്നാം കക്ഷികളോട് അയാൾസ്വന്തം നിലയിൽ ബാദ്ധ്യതയുള്ളവനും ആകുന്നതും,

(ഖ) ഫേമിന്റെ സ്വത്തിലും ലാഭത്തിലുമുള്ള അയാളുടെ ഓഹരി മൈനറെന്ന നിലയിൽ അയാൾക്ക് അവകാശമുണ്ടായിരുന്ന ഓഹരി ആയിരിക്കുന്നതും,

ആകുന്നു.

(8) അങ്ങനെയുള്ള ആശ പങ്കാളിയാകാതിരിക്കുവാൻ ഐച്ഛിക മായി നിശ്ചയിക്കുന്നിടത്ത്,—

(ക) അയാളുടെ അവകാശങ്ങളും ബാദ്ധ്യതകളും അയാശ പബ്ലിക്ക് നോട്ടീസ് നല്കുന്ന തീയതിവരെ ഒരു മൈനർക്ക് ഈ വകുപ്പിൻ കീഴിൽ ഉള്ളവയായി തുടരുന്നതും,

(ഖ) നോട്ടീസിന്റെ തീയതിക്കുശേഷം ചെയ്യപ്പെട്ട ഫേമിന്റെ ഏതെങ്കിലും കൃത്യങ്ങൾക്ക് അയാളുടെ ഓഹരി ബാദ്ധ്യതപ്പെടു ന്നതല്ലാത്തതും,

(ഗ) (4)-ാം ഉപവകുപ്പനുസരിച്ച് പങ്കാളികൾക്കെതിരായി സ്വത്തിലും ലാഭങ്ങളിലുമുള്ള തന്റെ ഓഹരിക്ക് വ്യവഹാരപ്പെടാൻ അയാ ശക്ക് അവകാശമുണ്ടായിരിക്കുന്നതും,

ആകുന്നു.

(9) (7)-ം (8)-ം വകുപ്പുകളിലെ യാതൊന്നും 26-ാം വകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

## അദ്ധ്യായം V

## വന്നുചേരുന്നവരും വിട്ടുപോകുന്നവരുമായ പങ്കാളികൾ

31. പങ്കാളിയെ പ്രവേശിപ്പിക്കൽ.—(1) പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിനും 30-ാം വകുപ്പിലെ വ്യവസ്ഥകൾക്കും വിധേയമായി, നിലവിലുള്ള എല്ലാ പങ്കാളികളുടേയും സമ്മതം കൂടാതെ യാതൊരാളേയും ഒരു ഫേമിലെ പങ്കാളിയായി പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

(2) 30-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു ഫേമിലെ പങ്കാളിയായി പ്രവേശിപ്പിക്കപ്പെട്ട ഒരാശക്ക്, അതുവഴി, അയാശ പങ്കാളിയാകു ന്നതിനുമുൻപ് ഫേം ചെയ്തിട്ടുള്ള ഏതെങ്കിലും കൃത്യങ്ങൾക്ക് ബാദ്ധ്യത യുണ്ടാകുന്നതല്ല.

32. പങ്കാളി പിരിഞ്ഞു പോകുന്നത്.—(1) പങ്കാളിക്ക്—

(ക) മററെല്ലാ പങ്കാളികളുടെയും സമ്മതത്തോടുകൂടിയോ,

(ഖ) പങ്കാളികളുടെ പ്രകടമായ കരാർ അനുസരിച്ചോ,

(ഗ) പങ്കാളിത്തം ഇച്ഛാനുസരണ പങ്കാളിത്തമായിട്ടുള്ളിടത്ത് പിരിഞ്ഞുപോകുന്നതിനുള്ള തന്റെ ഉദ്ദേശത്തെക്കുറിച്ച് മററെല്ലാ പങ്കാളികൾക്കും രേഖാമൂലമായ നോട്ടീസു നല്കി ക്കൊണ്ടോ,

പിരിഞ്ഞുപോകാവുന്നതാണ്.

(2) പിരിഞ്ഞുപോകുന്ന ഒരു പങ്കാളിയെ, അയാശ പിരിഞ്ഞുപോകുന്ന തിനുമുൻപ് ഫേം ചെയ്തിട്ടുള്ള കൃത്യങ്ങൾക്ക് ഏതെങ്കിലും മൂന്നാം കക്ഷി യോടുള്ള ഏതെങ്കിലും ബാദ്ധ്യതയിൽനിന്ന്, അങ്ങനെയുള്ള മൂന്നാം കക്ഷി യും പുനഃസംഘടിപ്പിക്കപ്പെട്ട ഫേമിലെ പങ്കാളികളുമായി അയാശ ചെയ്യുന്ന ഒരു കരാറിനാൽ ഒഴിവാക്കാവുന്നതും, അങ്ങനെയുള്ളകരാർ, അങ്ങനെയുള്ള മൂന്നാം കക്ഷിയും പുനഃസംഘടിപ്പിക്കപ്പെട്ട ഫേമും തമ്മിൽ പിരിഞ്ഞുപോകലിനെ പ്പററി അയാശക്ക് അറിവ് കിട്ടിയതിനുശേഷമുണ്ടായിട്ടുള്ള ഇടപാടുകളുടെ ഗതിയിൽ നിന്ന് വ്യഞ്ജിപ്പിക്കപ്പെടാവുന്നതും ആണ്.

(3) ഒരു ഫേമിൽനിന്ന് ഒരു പങ്കാളി പിരിഞ്ഞു പോയാൽത്തന്നെയും അയാളും പങ്കാളികളും, പിരിഞ്ഞുപോകുന്നതിനുമുമ്പ് അവരിൽ ആരെങ്കിലും

ചെയ്തിരുന്നുവെങ്കിൽ ഫേമിന്റെ കൃത്യമാകുമായിരുന്ന ഏതെങ്കിലും കൃത്യത്തിന് പങ്കാളികൾ എന്ന നിലയിൽ മൂന്നാം കക്ഷികളോട്, പിരിഞ്ഞുപോകുന്നതു സംബന്ധിച്ച പബ്ലിക് നോട്ടീസ് നല്കുന്നതുവരെ, ബാദ്ധ്യതയുള്ളവരായി തുടരുന്നതാകുന്നു:

എന്നാൽ പിരിഞ്ഞുപോയ ഒരു പങ്കാളിക്ക്, അയാൾ ഒരു പങ്കാളിയായിരുന്നു എന്നറിയാതെ ഫേമുമായി ഇടപെടുന്ന ഏതെങ്കിലും മൂന്നാം കക്ഷിയോട് ബാദ്ധ്യസ്ഥതയില്ല.

(4) (3)-ാം ഉപവകുപ്പിൻ കീഴിലുള്ള നോട്ടീസുകൾ, പിരിഞ്ഞുപോയ ഒരു പങ്കാളിയാലോ പുനഃസംഘടിപ്പിക്കപ്പെട്ട ഫേമിലെ ഏതെങ്കിലും പങ്കാളിയാലോ നല്കപ്പെടാവുന്നതാണ്.

33. പങ്കാളിയെ പുറത്താക്കൽ.—(1) പങ്കാളികളുടെ ഏതെങ്കിലും ഭൂരിപക്ഷത്തിന് പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററ് നല്കുന്ന അധികാരങ്ങൾ ഉത്തമ വിശ്വാസപൂർവ്വം പ്രയോഗിച്ചുകൊണ്ടല്ലാതെ, ഒരു പങ്കാളിയെ ഫേമിൽനിന്ന് പുറത്താക്കാവുന്നതല്ല.

(2) 22-ാം വകുപ്പ് (2), (3), (4) എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ, പുറത്താക്കപ്പെട്ട ഒരു പങ്കാളിക്ക്, അയാൾ പിരിഞ്ഞുപോയ പങ്കാളിയായിരുന്നാലെന്നപോലെ ബാധകമാകുന്നതാണ്.

34. പങ്കാളിയുടെ നിർദ്ധനത്വം.—(1) ഒരു ഫേമിലെ ഒരു പങ്കാളിയെ നിർദ്ധനനായി വിധിച്ചിട്ടുള്ളിടത്ത്, അതുവഴി ഫേം വിഘടിതമായാലും ഇല്ലെങ്കിലും, വിധി കല്പിച്ച തീയതി അയാൾ ഒരു പങ്കാളിയല്ലാതാകുന്നതാണ്.

(2) പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിൻ കീഴിൽ, ഒരു പങ്കാളിയെ നിർദ്ധനനായി വിധിക്കുന്നതുകൊണ്ട് ഫേം വിഘടിതമാകാത്തിടത്ത്, വിധി കല്പിച്ച തീയതിക്കു ശേഷം ചെയ്ത ഫേമിന്റെ ഏതെങ്കിലും കൃത്യത്തിന് അങ്ങനെ വിധിക്കപ്പെട്ട പങ്കാളിയുടെ എസ്റേററിനും, നിർദ്ധനന്റെ ഏതെങ്കിലും കൃത്യത്തിന് ഫേമിനും, ബാദ്ധ്യതയില്ല.

35. മരിച്ചുപോയ പങ്കാളിയുടെ എസ്റേററിന്റെ ബാദ്ധ്യത.—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിൻ കീഴിൽ ഒരു പങ്കാളി മരിക്കുന്നതുകൊണ്ട് ഫേം വിഘടിതമാകാത്തിടത്ത്, അയാളുടെ മരണശേഷം ചെയ്ത ഫേമിന്റെ ഏതെങ്കിലും കൃത്യത്തിന് മരിച്ചുപോയ പങ്കാളിയുടെ എസ്റേററിന് ബാദ്ധ്യതയില്ല.

36. വിട്ടുപോകുന്ന ഒരു പങ്കാളിക്ക് മൽസരിച്ച് ബിസിനസ് നടത്തിക്കൊണ്ടുപോകാനുള്ള അവകാശങ്ങൾ.—(1) വിട്ടുപോകുന്ന ഒരു പങ്കാളിക്ക് ഫേമിന്റേതിനോടു മൽസരിക്കുന്ന ബിസിനസ് നടത്തിക്കൊണ്ടുപോകാവുന്നതും, അയാൾക്ക് അങ്ങനെയുള്ള ബിസിനസ് പരസ്യം ചെയ്യാവുന്നതുമാണ്. എന്നാൽ വിപരീതമായ കാൺട്രാക്ററിനു വിധേയമായി, അയാൾ

(ക) ഫേം നാമം ഉപയോഗിക്കുകയോ,

(ഖ) താൻ ഫേമിന്റെ ബിസിനസ് നടത്തിക്കൊണ്ടുപോകുന്നതായി ധരിപ്പിക്കുകയോ,

(ഗ) താൻ പങ്കാളി അല്ലാതായിത്തീരുന്നതിനു മുമ്പ് ഫേമിന്റെ പതിവ് ഇടപാടുകാരായിരുന്നവരോട് തന്റെ പതിവ് ഇടപാടുകാരാകാൻ അഭ്യർത്ഥിക്കുകയോ,

ചെയ്യാവുന്നതല്ല.

(2) വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ.—ഒരു പങ്കാളിക്ക്, താൻ പങ്കാളി അല്ലാതായിത്തീരുന്നതോടെ ഒരു വിനിർദ്ദിഷ്ട കാലാവധിക്കുള്ളിലോ ഒരു വിനിർദ്ദിഷ്ട തദ്ദേശാതിർത്തികൾക്കകത്തോ ഫേമിന്റേതിനോട് സദൃശമായ ഏതെങ്കിലും ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതല്ലെന്ന് തന്റെ പങ്കാളികളുമായി കരാർ ചെയ്യാവുന്നതും, ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1872 (1872-ലെ 9)-ലെ 27-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചുമത്തപ്പെട്ട നിയന്ത്രണങ്ങൾ ന്യായമായവയാണെങ്കിൽ അങ്ങനെയുള്ള കരാർ സാധുവായിരിക്കുന്നതുമാണ്.

37. വിട്ടുപോകുന്ന പങ്കാളിക്ക് ചില സംഗതികളിൽ പിന്നീടുള്ള ലാഭത്തിൽ ഓഹരിക്കുള്ള അവകാശം.—ഒരു ഫേമിലെ ഏതെങ്കിലും അംഗം മരിക്കുകയോ മററുവിധത്തിൽ ഒരു പങ്കാളിയല്ലാതായിത്തീരുകയോ ചെയ്തിരിക്കുകയും, അതിജീവിക്കുകയോ തുടരുകയോ ചെയ്യുന്ന പങ്കാളികൾ, അവരും വിട്ടുപോകുന്ന പങ്കാളിയും അല്ലെങ്കിൽ അയാളുടെ എസ്റേററും തമ്മിലുള്ള കണക്കുകൾ അന്തിമമായി തീർക്കാതെ ഫേമ ിന്റെ സ്വത്തുകൊണ്ട് ഫേമിന്റെ ബിസിനസ് നടത്തിക്കൊണ്ടുപോവുകയും ചെയ്യുന്നിടത്ത്, വിപരീതമായ കാൺട്രാക്ററിന്റെ അഭാവത്തിൽ,വിട്ടുപോകുന്ന പങ്കാളിക്കോ അയാളുടെ എസ്റേററിനോ അയാളുടേയോ അയാളുടെ പ്രതിനിധികളുടേയോ ഇച്ഛപോലെ അയാൾ ഒരു പങ്കാളിയല്ലാതായിത്തീർന്നതിനുശേഷം ഉണ്ടാക്കിയ ലാഭത്തിൽ, ഫേമിന്റെ സ്വത്തിലുള്ള അയാളുടെ ഓഹരിയുടെ ഉപയോഗത്താലുണ്ടായതാണെന്ന് കല്പിക്കപ്പെടാവുന്ന അത്ര ഓഹരിക്കോ അല്ലെങ്കിൽ ഫേമിന്റെ സ്വത്തിലുള്ള അയാളുടെ ഓഹരിത്തുകയിൻമേൽ പ്രതിവർഷം ആറു ശതമാനം നിരക്കിലുള്ള പലിശക്കോ അവകാശം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ മരിച്ചുപോവുകയോ വിട്ടുപോവുകയോ ചെയ്ത പങ്കാളിയുടെ അവകാശം, അതിജീവിക്കുകയോ തുടരുകയോ ചെയ്യുന്ന പങ്കാളികൾക്ക് ഐച്ഛികമായി വിലക്കു വാങ്ങുവാൻ പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററ് അവകാശം നല്കുകയും ആ അവകാശം യഥാവിധി പ്രയോഗിക്കുകയും ചെയ്യുന്നിടത്ത്,അതതു സംഗതിപോലെ,മരിച്ചുപോയ പങ്കാളിയുടെ എസ്റേററിനോ വിട്ടുപോകുന്ന പങ്കാളിക്കോ അയാളുടെ എസ്റേററിനോ കൂടുതൽ ലാഭത്തിന്റേയോ മററു ലാഭത്തിന്റേയോ ഓഹരിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല, എന്നാൽ ഐച്ഛികമായ ആ അവകാശം പ്രയോഗിക്കുന്നു എന്ന ഭാവത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പങ്കാളി സാരമായ എല്ലാ സംഗതികളിലും അതിന്റെ നിബന്ധനകളെ അനുസരിക്കുന്നില്ലെങ്കിൽ അയാൾക്ക് ഈ വകുപ്പിലെ മുൻപറഞ്ഞ വ്യവസ്ഥകൾ പ്രകാരം കണക്കു പറയുവാൻ ബാദ്ധ്യതയുണ്ട്.

38. ഫേമിലുള്ള മാററംമൂലം തുടരുന്ന ഗാറന്റി പിൻവലിക്കൽ.—ഒരു ഫേമിനോ, അല്ലെങ്കിൽ ഒരു ഫേമിന്റെ ഇടപാടുകളെ സംബന്ധിച്ച ഒരു മൂന്നാം കക്ഷിക്കോ നല്കിയിട്ടുള്ള ഒരു തുടരുന്ന ഗാറന്റി, വിപരീതമായ കരാറിന്റെ അഭാവത്തിൽ, ഫേമിന്റെ ഘടനയിൽ ഏതെങ്കിലും മാററം ഉണ്ടാകുന്ന തീയതി മുതൽ, ഭാവിയിലുള്ള ഇടപാടുകൾ സംബന്ധിച്ചിടത്തോളം, പിൻവലിക്കപ്പെടുന്നതാകുന്നു.

## അദ്ധ്യായം VI

## ഫേമിന്റെ വിഘടനം

39. ഫേമിന്റെ വിഘടനം.—ഫേമിലെ എല്ലാ പങ്കാളികളും തമ്മിൽ പങ്കാളിത്തം വിഘടനം ചെയ്യുന്നതിന് ''ഫേമിന്റെ വിഘടനം''എന്നു പേർപറയുന്നു.

40. കരാർവഴിയുള്ള വിഘടനം.—എല്ലാ പങ്കാളികളുടേയും സമ്മതത്തോടു കൂടിയോ പങ്കാളികൾ തമ്മിലുള്ള ഒരു കാൺട്രാക്ററ് അനുസരിച്ചോ ഒരു ഫേം വിഘടിതമാക്കാവുന്നതാണ്.

41. നിർബന്ധവിഘടനം.—ഒരു ഫേം—

(ക) എല്ലാ പങ്കാളികളേയുമോ, പങ്കാളികളിൽ ഒരാളൊഴികെ എല്ലാവരേയുമോ, നിർദ്ധനരായി വിധിക്കുന്നതിനാലോ, അല്ലെങ്കിൽ

(ഖ) ഫേമിൻെറ ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതോ അല്ലെങ്കിൽ പങ്കാളികൾ അത് പങ്കാളിത്തമായി നടത്തിക്കൊണ്ടുപോകുന്നതോ നിയമവിരുദ്ധമാക്കിത്തീർക്കുന്ന ഏതെങ്കിലും സംഭവം ഉണ്ടാകുന്നതിനാലോ,

വിഘടിതമാകുന്നതാണ്:

എന്നാൽ, ഫേം വെവ്വേറേയുള്ള ഒന്നിൽ കൂടുതൽ പ്രോദ്യമമോ സംരംഭമോ നടത്തിക്കൊണ്ടു പോവുകയാണെങ്കിൽ, അവയിൽ ഒന്നിൻേറയോ അതിൽ കൂടുതലിൻേറയോ നിയമവിരുദ്ധത, അതുകൊണ്ടുമാത്രം ഫേമിന് അതിൻെറനിയമാനുസൃതമായ പ്രോദ്യമങ്ങളോ സംരംഭങ്ങളോ സംബന്ധിച്ചിടത്തോളം വിഘടനം ഉണ്ടാക്കുന്നില്ല.

42. ചില ആകസ്മിക സംഭവങ്ങൾ നടക്കുമ്പോഴുള്ള വിഘടനം.—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി, ഫേം—

(ക) ഒരു നിശ്ചിത കാലത്തേക്ക് സംഘടിപ്പിച്ചതാണെങ്കിൽ, ആ കാലം അവസാനിക്കുന്നതിനാലും,

(ഖ) ഒന്നോ അതിൽകൂടുതലോ പ്രോദ്യമങ്ങളോ സംരംഭങ്ങളോ നടത്തിക്കൊണ്ടു പോകുന്നതിനാണ് സംഘടിപ്പിച്ചിട്ടുള്ളതെങ്കിൽ, അവയുടെ പൂർത്തീകരണത്താലും,

(ഗ) ഒരു പങ്കാളിയുടെ മരണത്താലും,

(ഘ) ഒരു പങ്കാളിയെ നിർദ്ധനനായി വിധികല്പിക്കുന്നതിനാലും, വിഘടിതമാകുന്നതാണ്.

43. ഇച്ഛാനുസരണ പങ്കാളിത്തത്തിൻെറ നോട്ടീസുവഴിയുള്ള വിഘടനം.— 1. പങ്കാളിത്തം ഇച്ഛാനുസരണ പങ്കാളിത്തമായിട്ടുള്ളിടത്ത്, ഏതെങ്കിലും പങ്കാളി ഫേം വിഘടനം ചെയ്യുവാനുള്ള തൻെറ ഉദ്ദേശത്തെക്കുറിച്ച് മറെറല്ലാ പങ്കാളികൾക്കും രേഖാമൂലം നോട്ടീസ് നല്കുന്നതുവഴി ഫേം വിഘടിതമാക്കാവുന്നതാണ്.

2. വിഘടനത്തിൻെറ തീയതിയായി നോട്ടീസിൽ പറഞ്ഞ തീയതി മുതല്ക്കോ, അല്ലെങ്കിൽ അങ്ങനെയാതൊരു തീയതിയും പറഞ്ഞിട്ടില്ലെങ്കിൽ നോട്ടീസിൻെറ അറിയിക്കൽത്തീയതിമുതല്ക്കോ, ഫേം വിഘടിതമാകുന്നതാണ്.

44. കോടതി വഴിയുള്ള വിഘടനം.—ഒരു പങ്കാളിയുടെ വ്യവഹാരത്തിൻമേൽ കോടതിക്ക് താഴെ പറയുന്ന ഏതെങ്കിലും കാരണത്തിൻമേൽ ഫേം വിഘടനം ചെയ്യാവുന്നതാണ്, അതായത്:—

(ക) ഒരു പങ്കാളി ചിത്തഭ്രമം ഉള്ളവനായിത്തീർന്നിരിക്കുന്നതിനാൽ, ആ സംഗതിയിൽ വ്യവഹാരം മറേറതു പങ്കാളിക്കുമെന്നപോലെ ചിത്തഭ്രമമുള്ളവനായിത്തീർന്ന പങ്കാളിയുടെ ഉററബന്ധുവിന് ബോധിപ്പിക്കാവുന്നതാണ്.

(ഖ) വ്യവഹാരപ്പെടുന്ന പങ്കാളി അല്ലാത്ത ഒരു പങ്കാളിക്ക്, പങ്കാളി എന്ന നിലയിലുള്ള തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കഴിവ് ഏതെങ്കിലും വിധത്തിൽ സ്ഥിരമായി ഇല്ലാതായിത്തീർന്നിരിക്കുന്നതിനാൽ,

(ഗ) വ്യവഹാരപ്പെടുന്ന പങ്കാളിയല്ലാത്ത ഒരുപങ്കാളി ബിസിനസിന്റെ സ്വഭാവം പരിഗണിക്കുമ്പോൾ ബിസിനസ് നടത്തിക്കൊണ്ടു പോകുന്നതിനെ ദോഷകരമായി ബാധിക്കാനിടയുള്ള പെരുമാററത്തിന് അപരാധിയായിത്തീർന്നിരിക്കുന്നതിനാൽ,

(ഘ) വ്യവഹാരപ്പെടുന്ന പങ്കാളിയല്ലാത്ത ഒരു പങ്കാളി ഫേമിന്റെ കാര്യങ്ങളുടെമാനേജുമെൻറാ അതിന്റെ ബിസിനസ്സിന്റെ നടത്തിപ്പോസംബന്ധിച്ച കരാറുകൾ മന:പൂർവ്വമായോ, തുടരെത്തുടരേയോ ലംഘിക്കുകയോ, അല്ലെങ്കിൽ അയാളോടുകൂടി മററു പങ്കാളികൾക്ക് പങ്കാളിത്തമായി ബിസിനസ് നടത്തുവാൻ ന്യായമായും പ്രായോഗികമല്ലാത്താകത്തക്കവിധം ബിസിനസ് സംബന്ധിച്ചുള്ള വിഷയങ്ങളിൽ മററു വിധത്തിൽ സ്വയം പെരുമാറുകയോ ചെയ്യുന്നതിനാൽ,

(ങ) വ്യവഹാരപ്പെടുന്ന പങ്കാളിയല്ലാത്ത ഒരു പങ്കാളി, ഫേമിലുള്ള തന്റെ അവകാശം മുഴുവൻ ഒരു മൂന്നാം കക്ഷിക്ക് ഏതെങ്കിലും വിധത്തിൽ കൈമാററം ചെയ്യുകയോ, അല്ലെങ്കിൽ തന്റെ ഓഹരി, സിവിൽ നടപടി നിയമസംഹിത, 1908-ലെ ഒന്നാംപട്ടിക XXI-ാം ആഡർ, 49-ാംചട്ടത്തിലുള്ള വ്യവസ്ഥപ്രകാരമുള്ള ചാർജ്ജിന് വിധേയമാക്കാൻ അനുവദിക്കുകയോ അല്ലെങ്കിൽ അതു ആ പങ്കാളിയിൽനിന്ന് കിട്ടേണ്ട ഭൂനികുതി കുടിശ്ശികയോ, ഭൂനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കാവുന്ന ഏതെങ്കിലും തുകകളോ, വസൂലാക്കുന്നതിൽ വില്ക്കപ്പെടാൻ അനുവദിക്കുകയോ ചെയ്യുന്നതിനാൽ,

(ച) ഫേമിന്റെ ബിസിനസ്സ് നഷ്ടത്തിലല്ലാതെ നടത്തിക്കൊണ്ടു പോകാൻ കഴിയാത്തതിനാൽ,

(ഛ) ഫേം വിഘടിതമാകേണ്ടത് ന്യായപൂർവ്വകവും നീതിപൂർവ്വകവും ആക്കുന്ന മറേറതെങ്കിലും കാരണത്താൽ.

45. വിഘടനത്തിനുശേഷം പങ്കാളികൾ ചെയ്യുന്ന കൃത്യങ്ങൾക്കുള്ള ബാദ്ധ്യത.— (1) ഒരു ഫേം വിഘടിതമായി എന്നിരുന്നാലും, വിഘടനം സംബന്ധിച്ച പബ്ലിക് നോട്ടീസ് നല്കുന്നതുവരെ പങ്കാളികൾ അവരിലാരെങ്കിലും ചെയ്യുന്നതും വിഘടനത്തിനു മുമ്പു ചെയ്തിരുന്നുവെങ്കിൽ, ഫേമിന്റെ കൃത്യമാകുമായിരുന്നതുമായ, ഏതു കൃത്യത്തിനും മൂന്നാം കക്ഷികളോടു പങ്കാളികൾ എന്ന നിലയിൽ തുടർന്നു ബാദ്ധ്യതയുള്ളവരായിരിക്കുന്നതാണ്:

എന്നാൽ മരിച്ചുപോകുകയോ അല്ലെങ്കിൽ നിർദ്ധനനായി വിധിക്കപ്പെടുകയോ ചെയ്ത ഒരു പങ്കാളിയുടേയോ പങ്കാളിയാണെന്നു ഫേമുമായി ഇടപെടുന്ന ആൾക്ക് അറിവില്ലാതിരിക്കെ ഫേമിൽനിന്നു പിരിഞ്ഞുപോകുന്ന ഒരു പങ്കാളിയുടേയോ എസ്റേററിന്, അയാൾ ഒരു പങ്കാളി അല്ലാതായിത്തീർന്ന തീയതിക്കുശേഷം ചെയ്യപ്പെട്ട കൃത്യങ്ങൾക്ക്, ഈ വകുപ്പുപ്രകാരം ബാദ്ധ്യതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള നോട്ടീസുകൾ ഏതു പങ്കാളിയാലും നല്കപ്പെടാവുന്നതാണ്.

46. പങ്കാളികൾക്ക് വിഘടനത്തിനുശേഷം ബിസിനസ്സ് പരിസമാപിക്കാനുള്ള അവകാശം.— ഫേം വിഘടനം ചെയ്യുന്നതോടെ ഓരോ പങ്കാളിക്കും അല്ലെങ്കിൽ അയാളുടെ പ്രതിനിധിക്കും, മറെറല്ലാ പങ്കാളികൾക്കും അല്ലെങ്കിൽ അവരുടെ പ്രതിനിധികൾക്കും എതിരായി, ഫേമിന്റെ വസ്തു, ഫേമിന്റെ കടങ്ങളും ബാദ്ധ്യതകളും കൊടുത്തുതീർക്കുവാൻ ഉപയോഗിപ്പിക്കുന്നതിനും,

മിച്ചം പങ്കാളികൾക്കും അല്ലെങ്കിൽ അവരുടെ പ്രതിനിധികൾക്കും ഇടയിൽ അവരവരുടെ അവകാശമനുസരിച്ച് വിതരണം ചെയ്യിക്കുന്നതിനും, അവകാശമുണ്ടായിരിക്കുന്നതാണ്.

47. പരിസമാപനത്തിന്റെ ആവശ്യങ്ങൾക്ക് പങ്കാളികളുടെ പ്രാധികാരം തുടരുന്നത്.—ഫേമിന്റെ വിഘടനത്തിനുശേഷം ഫേമിനെ ബാദ്ധ്യസ്ഥമാക്കുന്നതിനുള്ള ഓരോ പങ്കാളിയുടേയും പ്രാധികാരവും പങ്കാളികളുടെ മററു പരസ്പരാവകാശങ്ങളും കടപ്പാടുകളും, ഫേം വിഘടിതമായി എന്നിരുന്നാലും, ഫേമിന്റെ കാര്യങ്ങൾ പരിസമാപിപ്പിക്കുന്നതിനും, ആരംഭിച്ചുകഴിഞ്ഞതും എന്നാൽ വിഘടനസമയത്ത് പൂർത്തിയാക്കാതിരുന്നതുമായ ഇടപാടുകൾ പൂർത്തിയാക്കുന്നതിനും ആവശ്യമായിടത്തോളം തുടരുന്നതും, എന്നാൽ മററു വിധത്തിൽ തുടരുന്നതല്ലാത്തതും ആകുന്നു:

എന്നാൽ, നിർദ്ധനനായി വിധിക്കപ്പെട്ട ഒരു പങ്കാളിയുടെ കൃത്യങ്ങളാൽ ഫേം യാതൊരു സംഗതിയിലും ബാദ്ധ്യസ്ഥമാകുന്നതല്ല, എന്നാൽ വിധി കല്പിച്ചതിനുശേഷം താൻ നിർദ്ധനന്റെ പങ്കാളിയാണെന്നു ധരിപ്പിക്കുകയോ ധരിപ്പിക്കപ്പെടുവാൻ അറിഞ്ഞുകൊണ്ട് അനുവദിക്കുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും ആളുടെ ബാദ്ധ്യതയെ ഈ പരിമിതിവ്യവസ്ഥ ബാധിക്കുന്നതല്ല.

48. പങ്കാളികൾ തമ്മിൽ കണക്കു തീർക്കുന്നതിനുള്ള സംപ്രദായം.—വിഘടനത്തിനുശേഷം ഫേമിന്റെ കണക്കുകൾ തീർക്കുന്നതിൽ പങ്കാളികൾ തമ്മിലുള്ള കരാറിനു വിധേയമായി, താഴെ പറയുന്ന ചട്ടങ്ങൾ അനുസരിക്കേണ്ടതാകുന്നു:—

(ക) മൂലധനത്തിന്റെ കമ്മികൾ ഉൾപ്പെടെയുള്ള നഷ്ടങ്ങൾ, ആദ്യമായി ലാഭത്തിൽനിന്നും, പിന്നീട് മൂലധനത്തിൽനിന്നോ, അവസാനമായി, ആവശ്യമെങ്കിൽ, പങ്കാളികൾ അവർക്ക് ലാഭങ്ങൾ ഓഹരി വച്ചെടുക്കുവാൻ അവകാശമുണ്ടായിരുന്ന അനുപാതങ്ങളിൽ വെവ്വേറെയായും കൊടുക്കേണ്ടതാകുന്നു.

(ഖ) മൂലധനത്തിന്റെ കമ്മികൾ നികത്തുന്നതിന് പങ്കാളികൾ അംശദാനം ചെയ്ത ഏതെങ്കിലും തുകകൾ ഉൾപ്പെടെയുള്ള ഫേമിന്റെ ആസ്തികൾ താഴെ പറയുന്ന രീതിയിലും ക്രമത്തിലും ഉപയോഗിക്കേണ്ടതാകുന്നു:—

(i) മൂന്നാം കക്ഷികൾക്ക് ഫേമിന്റെ കടങ്ങൾ കൊടുത്തുതീർക്കുന്നതിന്,

(ii) മൂലധനത്തിൽനിന്നു വ്യതിരിക്തമായി, മുൻകൂർ തുകകൾക്ക് ഓരോ പങ്കാളിക്കും ഫേമിൽനിന്നു കിട്ടാനുള്ളത് ആനുപാതിക ക്രമത്തിൽ കൊടുക്കുന്നതിന്,

(iii) മൂലധനം വകയിൽ ഓരോ പങ്കാളിക്കും കിട്ടാനുള്ളത് അയാൾക്ക് ആനുപാതികക്രമത്തിൽ കൊടുക്കുന്നതിന്,

(iv) അവശേഷിക്കുന്നത്, അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ, ലാഭങ്ങൾ ഓഹരിവച്ചെടുക്കാൻ പങ്കാളികൾക്ക് അവകാശമുണ്ടായിരുന്ന അനുപാതങ്ങളിൽ അവർക്കിടയിൽ ഭാഗിക്കേണ്ടതാകുന്നു.

49. ഫേമിന്റെ കടങ്ങളും വേറിട്ട കടങ്ങളും കൊടുത്തുതീർക്കൽ.—ഫേമിൽനിന്നുകൊടുക്കാനുള്ള കൂട്ടായ കടങ്ങളും കൂടാതെ ഏതെങ്കിലും പങ്കാളി കൊടുക്കാനുള്ള വേറിട്ട കടങ്ങളും ഉള്ളിടത്ത് ഫേമിന്റെ വസ്തു ആദ്യമായി ഫേമിന്റെ കടങ്ങൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗിക്കേണ്ടതും, മിച്ചം എന്തെങ്കിലുമുണ്ടെങ്കിൽ ഓരോ പങ്കാളിയുടേയും ഓഹരി അയാളുടെ വേറിട്ട

കടങ്ങൾ കൊടുത്തുതീർക്കുന്നതിന് ഉപയോഗിക്കുകയോ അല്ലെങ്കിൽ അയാൾക്കു കൊടുക്കുകയോ ചെയ്യേണ്ടതും ആണ്. ഏതെങ്കിലും പങ്കാളിയുടെ വേറിട്ട വസ്തു ആദ്യമായി അയാളുടെ വേറിട്ട കടങ്ങൾ കൊടുത്തുതീർക്കുന്നതിനും മിച്ചം (എന്തെങ്കിലും ഉണ്ടെങ്കിൽ) ഫേമിന്റെ കടങ്ങൾ കൊടുത്തുതീർക്കുന്നതിനും ഉപയോഗിക്കേണ്ടതാകുന്നു.

50. വിഘടനത്തിനുശേഷം ഉപാർജ്ജിക്കുന്ന സ്വന്തലാഭങ്ങൾ.—പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി, ഒരു പങ്കാളിയുടെ മരണം കാരണമായി ഫേം വിഘടിതമായതിനുശേഷവും അതിന്റെ കാര്യങ്ങൾ പൂർണ്ണമായി പരിസമാപിക്കപ്പെടുന്നതിനുമുമ്പും, അതിജീവിക്കുന്ന ഏതെങ്കിലും പങ്കാളിയോ മരിച്ചുപോയ ഒരു പങ്കാളിയുടെ പ്രതിനിധികളോ ചെയ്യുന്ന ഇടപാടുകൾക്ക് 16-ാം വകുപ്പ് (ക) ഖണ്ഡത്തിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്:

എന്നാൽ, ഏതെങ്കിലും പങ്കാളിയോ അയാളുടെ പ്രതിനിധിയോ ഫേമിന്റെ ഗുഡ്‌വിൽ വാങ്ങിയിട്ടുണ്ടെങ്കിൽ ഈ വകുപ്പിലെ യാതൊന്നും ഫേം നാമം ഉപയോഗിക്കാനുള്ള അയാളുടെ അവകാശത്തെ ബാധിക്കുന്നതല്ല.

51. കാലത്തിനുമുമ്പുള്ള വിഘടനത്തിൻമേൽ പ്രീമിയം തിരിയെ കൊടുക്കൽ.—ഒരു പങ്കാളി ഒരു നിശ്ചിതകാലത്തേക്ക് പങ്കാളിത്തത്തിൽ പ്രവേശിച്ചപ്പോൾ പ്രീമിയം കൊടുക്കുകയും ഫേം, ആ കാലം അവസാനിക്കുന്നതിനുമുമ്പു ഒരു പങ്കാളിയുടെ മരണത്താലല്ലാതെ മററുവിധത്തിൽ വിഘടിതമാവുകയും ചെയ്തിട്ടുള്ളിടത്ത്, അയാൾ പങ്കാളിയായിത്തീർന്നത് ഏതു നിബന്ധനകളിൻമേലാണോ, അവയും അയാൾ പങ്കാളിയായിരുന്ന സമയത്തിന്റെ ദൈർഘ്യവും പരിഗണിച്ച് പ്രീമിയമോ അതിന്റെ ന്യായമായ ഭാഗമോ തിരിയെ കിട്ടുന്നതിന് അയാൾക്ക്—

(ക) വിഘടനം മുഖ്യമായും അയാളുടെ നടപടി ദൂഷ്യം കൊണ്ടുണ്ടായതോ, അല്ലെങ്കിൽ

(ഖ) വിഘടനം, പ്രീമിയമോ അതിന്റെ ഏതെങ്കിലും ഭാഗമോ തിരിയെ കൊടുക്കുന്നതിനു യാതൊരു വ്യവസ്ഥയുമടങ്ങിയിട്ടില്ലാത്ത ഒരു കരാറിനെ തുടർന്നുള്ളതോ,

അല്ലാത്തപക്ഷം, അവകാശമുണ്ടായിരിക്കുന്നതാണ്.

52. പങ്കാളിത്ത കാൺട്രാക്ററ് വഞ്ചനയോ തെററിദ്ധരിപ്പിക്കലോ കാരണം റദ്ദാക്കുന്നിടത്തുള്ള അവകാശങ്ങൾ.—പങ്കാളിത്തത്തെ സൃഷ്ടിക്കുന്ന ഒരു കാൺട്രാക്ററ്, അതിലെ ഏതെങ്കിലും കക്ഷിയുടെ വഞ്ചനയോ, തെററിദ്ധരിപ്പിക്കലോ കാരണം റദ്ദാക്കപ്പെടുന്നിടത്ത്, റദ്ദാക്കാൻ അവകാശമുള്ള കക്ഷിക്ക് മറേറതെങ്കിലും അവകാശത്തിനു ഭംഗവരാതെ—

(ക) ഫേമിലെ ഓഹരി വിലയ്ക്ക് വാങ്ങുവാൻ അയാൾ കൊടുത്ത ഏതെങ്കിലും തുകയ്ക്കും, അയാൾ അംശദാനം ചെയ്ത ഏതെങ്കിലും മൂലധനത്തിനും, ഫേമിന്റെ കടങ്ങൾ കൊടുത്തുതീർത്തശേഷം അവശേഷിക്കുന്ന ഫേമിന്റെ മിച്ചത്തിൻമേലോ ആസ്തികളിൻമേലോ ഉള്ള ഒരു ലീനിനും, അല്ലെങ്കിൽ അവ വച്ചുകൊണ്ടിരിക്കുന്നതിനുള്ള അവകാശത്തിനും,

(ഖ) ഫേമിന്റെ കടങ്ങളിലേക്ക് അയാൾ കൊടുത്ത ഏതെങ്കിലും തുക സംബന്ധിച്ച് ഫേമിന്റെ ഉത്തമർണ്ണന്റെ സ്ഥാനത്തിനും,

(ഗ) വഞ്ചനയ്ക്കോ തെററിദ്ധരിപ്പിക്കലിനോ അപരാധിയായ പങ്കാളിയാലോ പങ്കാളികളാലോ ഫേമിന്റെ എല്ലാ കടങ്ങൾക്കും നഷ്ടോത്തരവാദം ചെയ്യപ്പെടുന്നതിനും,

അവകാശമുണ്ടായിരിക്കുന്നതാണ്.

53. ഫേം നാമമോ ഫേമിൻെറ വസ്തുവോ ഉപയോഗിക്കുന്നത് തടസ്സപ്പെടുത്തുവാനുള്ള അവകാശം.—ഫേം വിഘടിതമായതിനുശേഷം പങ്കാളികൾ തമ്മിലുള്ള വിപരീതമായ ഒരു കാൺട്രാക്ററിൻെറ അഭാവത്തിൽ, ഫേമിൻെറ കാര്യങ്ങൾ പൂർണ്ണമായി പരിസമാപിക്കപ്പെടുന്നതുവരെ ഏതൊരു പങ്കാളിക്കോ അയാളുടെ പ്രതിനിധിക്കോ, മറേറതെങ്കിലും പങ്കാളിയോ അയാളുടെ പ്രതിനിധിയോ ഫേം നാമത്തിൽ സദൃശമായ ഒരു ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതോ, അല്ലെങ്കിൽ ഫേമിൻെറ ഏതെങ്കിലും വസ്തു അയാളുടെ സ്വന്തം ഗുണത്തിനു ഉപയോഗിക്കുന്നതോ തടസ്സപ്പെടുത്താവുന്നതാണ്:

എന്നാൽ ഏതെങ്കിലും പങ്കാളിയോ അയാളുടെ പ്രതിനിധിയോ ഫേമിൻെറ ഗുഡ്‌വിൽ വാങ്ങിയിട്ടുണ്ടെങ്കിൽ, ഈ വകുപ്പിലെ യാതൊന്നും ഫേം നാമം ഉപയോഗിക്കാനുള്ള അയാളുടെ അവകാശത്തെ ബാധിക്കുന്നതല്ല.

54. വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ.—പങ്കാളികൾക്ക്, ഫേം വിഘടിതമാകുന്നതോടേയോ, വിഘടിതമാകുമെന്നുള്ള പ്രതീക്ഷയിലോ അങ്ങളിൽ ചിലരോ എല്ലാവരുമോ, ഒരു വിനിർദ്ദിഷ്ടകാലാവധിക്കുള്ളിലോ വിനിർദ്ദിഷ്ട തദ്ദേശാതിർത്തികൾക്കകത്തോ ഫേമിൻെറ ബിസിനസ്സിനോട് സദൃശമായബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്നതല്ലെന്നു കരാർ ചെയ്യാവുന്നതും, ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872-ലെ 9) -ലെ 27-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചുമത്തിയ നിയന്ത്രണങ്ങൾ, ന്യായമായവയാണെങ്കിൽ അങ്ങനെയുള്ള കരാർ സാധുവായിരിക്കുന്നതും ആകുന്നു.

55. വിഘടനത്തിനു ശേഷം ഗുഡ്‌വില്ലിൻെറ വില്പന—.(1) വിഘടനത്തിനുശേഷം ഫേമിൻെറ കണക്കുകൾ തീർക്കുന്നതിൽ, പങ്കാളികൾ തമ്മിലുള്ള കാൺട്രാക്ററിന് വിധേയമായി,ഗുഡ്‌വിൽആസ്തികളിൽ ഉൾപ്പെടുത്തേണ്ടതും അതു വേറിട്ടോ ഫേമിൻെറമററുവസ്തുവോടുകൂടിയോ വില്ക്കാവുന്നതുമാണ്.

(2) ഗുഡ്‌വിൽവാങ്ങുന്ന ആളുടേയും വിൽക്കുന്ന ആളുടേയും അവകാശങ്ങൾ.—വിഘടനത്തിനു ശേഷം ഫേമിൻെറ ഗുഡ്‌വിൽ വില്ക്കുന്നിടത്ത്, ഒരു പങ്കാളിക്ക്, വാങ്ങുന്ന ആളുടേതിനോട് മൽസരിക്കുന്ന ബിസിനസ്സ് നടത്തിക്കൊണ്ടുപോകാവുന്നതും, അയാൾക്ക് അങ്ങനെയുള്ള ബിസിനസ്സ് പരസ്യം ചെയ്യാവുന്നതുമാണ്, എന്നാൽ, അയാളും വാങ്ങുന്ന ആളും തമ്മിലുള്ള കരാറിന് വിധേയമായി, അയാൾ—

(ക) ഫേം നാമം ഉപയോഗിക്കുകയോ,

(ഖ) താൻ ഫേമിൻെറ ബിസിനസ്സ് നടത്തികൊണ്ടുപോകുന്നതായി ധരിപ്പിക്കുകയോ,

(ഗ) വിഘടനത്തിന് മുൻപ് ഫേമിൻെറ പതിവ് ഇടപാടുകാരായിരുന്നവരോട് തൻെറ പതിവ് ഇടപാടുകാരാകാൻ അഭ്യർത്ഥിക്കുകയോ,

ചെയ്യാൻ പാടുള്ളതല്ല.

(3) വ്യാപാരത്തെ തടസ്സപ്പെടുത്തുന്ന കരാറുകൾ.—ഫേമിൻെറ ഗുഡ്‌വിൽ വില്ക്കുന്നതോടെ ഏതെങ്കിലും പങ്കാളിക്ക്. താൻ വിനിർദിഷ്ട കാലാവധിക്കുള്ളിലോ വിനിർദിഷ്ട തദ്ദേശാതിർത്തികൾക്കകത്തോ ഫേമിൻെറതിനോട് സദൃശമായബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതല്ലെന്ന് വാങ്ങുന്ന ആളുമായി കരാർ ചെയ്യാവുന്നതും, ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 (1872ലെ 9) -ലെ 27-ാംവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചുമത്തിയ നിയന്ത്രണങ്ങൾ ന്യായമായവ ആണെങ്കിൽ, അങ്ങനെയുള്ള കരാർ സാധുവായിരിക്കുന്നതും ആകുന്നു.

## അദ്ധ്യായം VII

## ഫേമുകളുടെ രജിസ്ട്രേഷൻ

56. ഈ അദ്ധ്യായം ബാധകമാകുന്നതിൽ നിന്ന് ഒഴിവാക്കാനുള്ള അധികാരം.—ഏതെങ്കിലും സ്റേററിലെ സ്റേററ് ഗവൺമെൻറിന് ഔദ്യോഗിക ഗസററിലെ വിജ്ഞാപനം വഴി, ഈ അദ്ധ്യായത്തിലെ വ്യവസ്ഥകൾ ആ സ്റേററിനോ അല്ലെങ്കിൽ ആ വിജ്ഞാപനത്തിൽ വിനിർദിഷ്ടമായ അതിൻെറ ഏതെങ്കിലും ഭാഗത്തിനോ ബാധകമാകുന്നതല്ലെന്ന് നിദേശിക്കാവുന്നതാണ്.

57. രജിസ്ട്രാർമാരുടെ നിയമനം.—(1.) ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക്, സ്റേററ് ഗവൺമെൻറിന് ഫേം രജിസ്ട്രാർമാരെ നിയമിക്കാവുന്നതും, ഏത് പ്രദേശങ്ങളിലാണോ അവർ തങ്ങളുടെ അധികാരങ്ങൾ പ്രയോഗിക്കുകയും കർത്തവ്യങ്ങൾ നിർവഹിക്കുകയും ചെയ്യേണ്ടത്, ആ പ്രദേശങ്ങൾ നിർവചിക്കാവുന്നതും ആണ്.

(2) ഓരോ രജിസ്ട്രാറും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1872-ലെ 45.) 21-ാം വകുപ്പിൻെറ അർത്ഥത്തിൽ ഒരു പബ്ലിക്ക് സർവൻറായി കരുതപ്പെടുന്നതാകുന്നു.

58. രജിസ്ട്രേഷനുള്ള അപേക്ഷ.—(1) ഫേമിൻെറ രജിസ്ട്രേഷൻ, ഏതു സമയത്തും, ഫേമിൻെറ ഏതെങ്കിലും ബിസിനസ് സ്ഥലം സ്ഥിതി ചെയ്യുന്നതോ സ്ഥിതി ചെയ്യിക്കുവാൻ നിർദ്ദേശിക്കുന്നതോ ആയ പ്രദേശത്തെ രജിസ്ട്രാർക്ക് നിർണ്ണയിക്കുന്ന ഫാറത്തിൽ—

(ക) ഫേം നാമം,

(ഖ) ഫേമിൻെറ ബിസിനസ്സ്, സ്ഥലം അല്ലെങ്കിൽ മുഖ്യ ബിസിനസ്സ് സ്ഥലം,

(ഗ) ഫേം ബിസിനസ്സ് നടത്തിക്കൊണ്ടു പോകുന്ന മറെറതെങ്കിലും സ്ഥലങ്ങളുടെ പേരുകൾ,

(ഘ) ഓരോ പങ്കാളിയും ഫേമിൽ ചേർന്ന തീയതി,

(ങ) പങ്കാളികളുടെ പൂർണ്ണമായ പേരുകളും സ്ഥിരമായ മേൽവിലാസങ്ങളും,

(ച) ഫേമിൻെറ കലാവധി,

എന്നിവ പ്രസ്താവിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം പോസ്ററു വഴി അയച്ചോ, ഡെലിവർ ചെയ്തോ നടത്താവുന്നതാണ്.

പ്രസ്താവനയിൽ എല്ലാ പങ്കാളികളും, അല്ലെങ്കിൽ അതിലേക്ക് അവരുടെ പ്രത്യേകമായി പ്രാധികാരം നല്കപ്പെട്ട, ഏജൻറുമാരും ഒപ്പിട്ടിരിക്കേണ്ടതാകുന്നു.

(2) പ്രസ്താവനയിൽ ഒപ്പിടുന്ന ഓരോ ആളും അത് നിർണ്ണയിക്കപ്പെട്ട രീതിയിൽ സത്യബോധപ്പെടുത്തുകയും കൂടി ചെയ്യേണ്ടതാകുന്നു.

(3) ഒരു ഫേം നാമത്തിൽ താഴെ പറയുന്ന യാതൊരു വാക്കും അടങ്ങിയിരിക്കുവാൻ പാടില്ല, അതായത് :—

"ക്രൗൺ", "എംപൊറർ", "എംപ്രസ്" "എംപെയർ", "ഇംപീരിയൽ", "കിംങ്", "ക്വീൻ", "റായൽ" എന്നിവയോ, അല്ലെങ്കിൽ, ഗവൺമെൻറിൻെറ അനു

ജ്ഞയോ അംഗീകാരമോ പ്രോൽസാഹനമോ പ്രകടമാക്കുന്നതോ വ്യജ്ഞിപ്പിക്കുന്നതോ ആയ വാക്കുകൾ— ഫേം നാമത്തിന്റെ ഭാഗമായി അങ്ങനെയുള്ള വാക്കുകൾ ഉപയോഗിക്കുന്നതിൽ സ്റേററ് ഗവൺമെന്റ് രേഖാമൂലമായ ഉത്തരവിനാൽ സമ്മതം അറിയിക്കുമ്പോഴൊഴികെ.

59. രജിസ്ട്രേഷൻ.— 58-ാം വകുപ്പിലെ വ്യവസ്ഥകൾ യഥാവിധി അനുസരിക്കപ്പെട്ടിരിക്കുന്നുവെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യമാകുമ്പോൾ, അദ്ദേഹം, ഫേം രജിസ്ററർ എന്നു പറയപ്പെടുന്ന ഒരു രജിസ്റററിൽ പ്രസ്താവനയുടെ ഉൾക്കുറിപ്പ് രേഖപ്പെടുത്തേണ്ടതും പ്രസ്താവന ഫയൽ ചെയ്യേണ്ടതും ആകുന്നു.

60. ഫേം നാമത്തിലേയും മുഖ്യബിസിനസ്സ് സ്ഥലത്തിന്റേയും മാററങ്ങൾ രേഖപ്പെടുത്തൽ.—(1) രജിസ്ററർ ചെയ്ത ഒരു ഫേമിന്റെ ഫേം നാമത്തിനോ മുഖ്യ ബിസിനസ് സ്ഥലത്തിന്റെ സ്ഥാനത്തിനോ മാററം വരുത്തുമ്പോൾ, ആ മാററം വിനിർദ്ദേശിച്ചുകൊണ്ടും 58-ാം വകുപ്പിൻ കീഴിൽ ആവശ്യപ്പെടുന്ന രീതിയിൽ ഒപ്പിടുകയും സത്യബോധപ്പെടുത്തുകയും ചെയ്തുകൊണ്ടും ഉള്ള ഒരു പ്രസ്താവന, നിർണ്ണയിക്കപ്പെട്ട ഫീസ് സഹിതം രജിസ്ട്രാർക്ക് അയച്ചുകൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ യഥാവിധി അനുസരിക്കപ്പെട്ടിരിക്കുന്നുവെന്ന് രജിസ്ട്രാർക്ക് ബോധ്യമാകുമ്പോൾ, പ്രസ്താവന അനുസരിച്ച് ഫേം സംബന്ധിച്ച് ഫേം രജിസ്റററിലുള്ള ഉൾക്കുറിപ്പ് അദ്ദേഹം ഭേദഗതി ചെയ്യേണ്ടതും, അത് ഫേം സംബന്ധിച്ച് 59-ാം വകുപ്പിൻ കീഴിൽ ഫയൽ ചെയ്തിട്ടുള്ള പ്രസ്താവനയോടുകൂടി ഫയൽ ചെയ്യേണ്ടതും ആകുന്നു.

61. ശാഖകൾ പൂട്ടുന്നതും തുറക്കുന്നതും കുറിക്കുന്നത്.— രജിസ്ററർ ചെയ്ത ഒരു ഫേം ഏതെങ്കിലും സ്ഥലത്ത് ബിസിനസ്സ് നടത്തുന്നതു തുടരാതിരിക്കുകയോ, ഏതെങ്കിലും സ്ഥലത്ത് ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ തുടങ്ങുകയോ ചെയ്യുകയും, അങ്ങനെയുള്ള സ്ഥലം അതിന്റെ മുഖ്യബിസിനസ്സ് സ്ഥലം അല്ലാതിരിക്കുകയും ചെയ്യുമ്പോൾ, ഫേമിന്റെ ഏതെങ്കിലും പങ്കാളിക്കോ ഏജൻറിനോ, രജിസ്ട്രാർക്ക് അതിനെപ്പററി അറിയിപ്പ് അയക്കാവുന്നതും, അദ്ദേഹം ഫേം രജിസ്റററിൽ ഫേം സംബന്ധിച്ചുള്ള ഉൾക്കുറിപ്പിൽ ആ അറിയിപ്പിനെപ്പററി കുറിപ്പു ചേർക്കേണ്ടതും ആ അറിയിപ്പ ഫേം സംബന്ധിച്ച് 59-ാം വകുപ്പിൻകീഴിൽ ഫയൽ ചെയ്തിട്ടുള്ള പ്രസ്താവനയോടുകൂടി ഫയൽ ചെയ്യേണ്ടതും ആകുന്നു.

62. പങ്കാളികളുടെ പേരിലും മേൽവിലാസങ്ങളിലുമുള്ള മാററങ്ങൾ കുറിക്കുന്നത്.— രജിസ്ററർ ചെയ്ത ഒരു ഫേമിലെ ഏതെങ്കിലും പങ്കാളി തന്റെ പേരോ സ്ഥിരമായ മേൽവിലാസമോ മാററുമ്പോൾ, ആ മാററം സംബന്ധിച്ചുള്ള അറിയിപ്പ് ഫേമിന്റെ ഏതെങ്കിലും പങ്കാളിക്കോ ഏജൻറിനോ, രജിസ്ട്രാർക്ക് അയച്ചുകൊടുക്കാവുന്നതും, അദ്ദേഹം അത് 61-ാം വകുപ്പിൽ വ്യവസ്ഥ ചെയ്ത രീതിയിൽ കൈകാര്യം ചെയ്യേണ്ടതും ആകുന്നു.

63. ഫേമിലെ മാററങ്ങളും അതിന്റെ വിഘടനവും രേഖപ്പെടുത്തൽ.—(1) രജിസ്ററർ ചെയ്ത ഒരു ഫേമിന്റെ ഘടനയിൽ മാററം സംഭവിക്കുമ്പോൾ വന്നു ചേരുന്നതോ തുടരുന്നതോ വിട്ടുപോകുന്നതോ ആയ ഏതെങ്കിലും പങ്കാളിക്കും, രജിസ്ററർ ചെയ്ത ഒരു ഫേം വിഘടിതമാകുമ്പോൾ വിഘടനത്തിനു തൊട്ടു മുമ്പ് പങ്കാളിയായിരുന്ന ഏതെങ്കിലും ആൾക്കും, അല്ലെങ്കിൽ അങ്ങനെ

യുള്ള ഏതെങ്കിലും പങ്കാളിയുടെ ഏജൻറിനും, അല്ലെങ്കിൽ അതിലേക്ക് പ്രത്യേകമായി പ്രാധികാരം നൽകപ്പെട്ട ആൾക്കും അങ്ങനെയുള്ള മാററത്തേയോ വിഘടനത്തേയോ കുറിച്ച് അതിന്റെ തീയതി വിനിർദ്ദേശിച്ചുകൊണ്ട് രജിസ്ട്രാർക്ക് നോട്ടീസ് നൽകാവുന്നതും, രജിസ്ട്രാർ, ഫേം സംബന്ധിച്ച് ഫേം രജിസ്ററിലുള്ള ഉൾക്കുറിപ്പിൽ നോട്ടീസ് രേഖപ്പെടുത്തേണ്ടതും, നോട്ടീസ്, ഫേം സംബന്ധിച്ച് 59-ാം വകുപ്പിൻ കീഴിൽ ഫയൽ ചെയ്തിട്ടുള്ള പ്രസ്താവനയോടുകൂടി ഫയൽ ചെയ്യേണ്ടതും ആകുന്നു.

(2) മൈനർ പിൻവലിക്കുന്നത് രേഖപ്പെടുത്തൽ.—ഒരു ഫേമിൽ പങ്കാളിത്തത്തിന്റെ ഗുണങ്ങളിൽ പങ്കുചേർത്തിട്ടുള്ള ഒരു മൈനർക്ക് പ്രായപൂർത്തി ആവുകയും, അയാൾ പങ്കാളിയാകുവാനോ ആകാതിരിക്കുവാനോ ഐശ്ചികമായി നിശ്ചയിക്കുകയും, ഫേം ആ സമയത്ത് രജിസ്ററർ ചെയ്ത ഫേം ആയിരിക്കുകയും ചെയ്യുമ്പോൾ, അയാൾക്കോ അയാളുടെ, ഇതിലേയ്ക്ക് പ്രത്യേകമായി പ്രാധികാരം നൽകപ്പെട്ട ഏജൻറിനോ അയാൾ പങ്കാളിയായിട്ടുണ്ടെന്നോ ആയിട്ടില്ലെന്നോ രജിസ്ട്രാർക്ക് നോട്ടീസ് നൽകാവുന്നതും, രജിസ്ട്രാർ ആ നോട്ടീസ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിൽ കൈകാര്യം ചെയ്യേണ്ടതും ആകുന്നു.

64. തെററുകൾ തിരുത്തൽ.— (1) രജിസ്ട്രാർക്ക് ഏതെങ്കിലും ഫേം സംബന്ധിച്ച് ഫേം രജിസ്ററിലുള്ള ഉൾക്കുറിപ്പ് ഫേം സംബന്ധിച്ച് ഈ അദ്ധ്യായത്തിൻ കീഴിൽ ഫയൽ ചെയ്തിട്ടുള്ള രേഖകൾക്ക് അനുരൂപമാക്കുന്നതിനുവേണ്ടി ഏതെങ്കിലും തെററ് തിരുത്തുവാൻ എല്ലായ്പ്പോഴും അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) ഒരു ഫേം സംബന്ധിച്ച് ഈ അദ്ധ്യായത്തിൻ കീഴിൽ ഫയൽ ചെയ്തിട്ടുള്ള ഏതെങ്കിലും രേഖയിൽ ഒപ്പിട്ടിട്ടുള്ള എല്ലാ കക്ഷികളും കൂടി കൊടുക്കുന്ന അപേക്ഷയിൻമേൽ രജിസ്ട്രാർക്ക് അങ്ങനെയുള്ള രേഖയിലോ, ഫേം രജിസ്ററിൽ അതു സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ളതിലോ ചേർത്തിട്ടുള്ള കുറിപ്പിലോ, ഉള്ള ഏതെങ്കിലും തെററു തിരുത്താവുന്നതാണ്.

65. കോടതിയുടെ ഉത്തരവുവഴി രജിസ്ററർ ഭേദഗതി ചെയ്യൽ.— രജിസ്ററർ ചെയ്ത ഒരു ഫേം സംബന്ധിച്ച ഏതെങ്കിലും വിഷയം തീരുമാനിക്കുന്ന ഒരു കോടതിക്ക്, അങ്ങനെയുള്ള ഫേം സംബന്ധിച്ച് ഫേം രജിസ്ററിലുള്ള ഉൾക്കുറിപ്പിൽ, അതിന്റെ തീരുമാനത്തിന്റെ അനന്തരഫലമായുള്ള ഏതെങ്കിലും ഭേദഗതി രജിസ്ട്രാർ ചെയ്യേണ്ടതാണെന്ന് നിദേശിക്കാവുന്നതും രജിസ്ട്രാർ ഉൾക്കുറിപ്പ്, അതനുസരിച്ച് ഭേദഗതി ചെയ്യേണ്ടതും ആകുന്നു.

66. രജിസ്ററിന്റേയും ഫയൽ ചെയ്യപ്പെട്ട രേഖകളുടേയും പരിശോധന.—(1) ഫേം രജിസ്ററർ ഏതൊരാൾക്കും നിർണ്ണയിക്കപ്പെട്ട ഫീസടച്ചതിനുശേഷം പരിശോധനയ്ക്ക് പ്രാപ്യമാക്കേണ്ടതാകുന്നു.

(2) ഈ അദ്ധ്യായത്തിൻ കീഴിൽ ഫയൽ ചെയ്തിട്ടുള്ള എല്ലാ പ്രസ്താവനകളും നോട്ടീസുകളും അറിയിപ്പുകളും. നിർണ്ണയിക്കപ്പെട്ട ഉപാധികൾക്ക് വിധേയമായും നിർണ്ണയിക്കപ്പെട്ട ഫീസ് അടച്ചതിൻമേലും പരിശോധനയ്ക്ക് പ്രാപ്യമാക്കേണ്ടതാകുന്നു.

67. പകർപ്പ് നൽകൽ.—ഏതൊരാൾക്കും, അപേക്ഷയിൻമേൽ നിർണ്ണയിക്കപ്പെട്ട ഫീസ് അടച്ചതിനുശേഷം രജിസ്ട്രാർ ഫേം രജിസ്ററിലെ

ഏതെങ്കിലും ഉൾക്കുറിപ്പിന്റെയോ അതിന്റെ ഭാഗത്തിന്റേയോ തന്റെ ഒപ്പിട്ട് സർട്ടിഫൈ ചെയ്ത പകർപ്പു നല്കേണ്ടതാകുന്നു.

68. തെളിവു സംബന്ധിച്ച ചട്ടങ്ങൾ.—(1) ഫേം രജിസ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതോ കുറിപ്പു ചേർത്തിട്ടുള്ളതോ ആയ ഏതെങ്കിലും പ്രസ്താവനയോ അറിയിപ്പോ നോട്ടീസോ, അങ്ങനെയുള്ള പ്രസ്താവനയോ അറിയിപ്പോ നോട്ടീസോ ആരാണോ, അല്ലെങ്കിൽ ആർക്കുവേണ്ടിയാണോ ഒപ്പിട്ടിട്ടുള്ളത് അയാൾക്കെതിരായി അതിൽ, പ്രസ്താവിച്ചിട്ടുള്ള ഏതു വസ്തുതയെ സംബന്ധിച്ചും നിശ്ചായകമായ തെളിയിക്കലായിരിക്കുന്നതാണ്.

(2) ഫേം സംബന്ധിച്ച് ഫേം രജിസ്ററിലുള്ള ഉൾക്കുറിപ്പിന്റെ സർട്ടിഫൈ ചെയ്ത പകർപ്പ് അങ്ങനെയുള്ള ഫേം രജിസ്ററർ ചെയ്തിട്ടുള്ളതാണെന്ന വസ്തുതയും, അതിൽ രേഖപ്പെടുത്തിയിട്ടുള്ളതോ കുറിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും പ്രസ്താവനയിലേയോ അറിയിപ്പിലേയോ നോട്ടീസിലേയോ ഉള്ളടക്കവും തെളിയിക്കുന്നതിനായി ഹാജരാക്കാവുന്നതാണ്.

69. രജിസ്ററർ ചെയ്യാത്തതിന്റെ പ്രഭാവം.—(1) ഒരു കൺട്രാക്ററിൽ നിന്ന് ഉദ്ഭവിക്കുന്നതോ അല്ലെങ്കിൽ ഈ ആക്ററ് നല്കുന്നതോ ആയ ഒരു അവകാശം പ്രാവർത്തികമാക്കുവാനുള്ള യാതൊരു വ്യവഹാരവും, ഒരു കോടതിയിലും, ഫേമിലെ പങ്കാളിയെന്ന നിലയിലോ അയാൾക്കുവേണ്ടിയോ വ്യവഹാരപ്പെടുന്ന ഏതെങ്കിലും ആൾക്ക് ഫേമിനോ അല്ലെങ്കിൽ ഫേമിൽ പങ്കാളിയാണെന്നോ, ആയിരുന്നുവെന്നോ പറയുന്ന ഏതെങ്കിലും ആൾക്കോ എതിരായി ഫേം രജിസ്ററർ ചെയ്യപ്പെട്ടിരിക്കുകയും വ്യവഹാരപ്പെടുന്ന ആളെ ഫേമിലെ പങ്കാളിയായി ഫേം രജിസ്ററിൽ കാണിക്കുകയോ കാണിച്ചിട്ടുണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യാത്തപക്ഷം, ബോധിപ്പിക്കാൻ പാടുള്ളതല്ല.

(2) ഒരു കാൺട്രാക്ററിൽനിന്ന് ഉത്ഭവിക്കുന്ന ഒരു അവകാശം പ്രാവർത്തികമാക്കാനുള്ള യാതൊരു വ്യവഹാരവും ഒരു കോടതിയിലും ഒരു ഫേമിനോ ഫേമിനുവേണ്ടിയോ ഏതെങ്കിലും മൂന്നാം കക്ഷിക്കെതിരായി ഫേം രജിസ്ററർ ചെയ്യപ്പെട്ടിരിക്കുകയും, വ്യവഹാരപ്പെടുന്നആളുകളെ ഫേമിലെ പങ്കാളികളായി ഫേം രജിസ്ററിൽ കാണിക്കുകയോ കാണിച്ചിട്ടുണ്ടായിരിക്കുകയോ ചെയ്യുകയും ചെയ്യാത്ത പക്ഷം, ബോധിപ്പിക്കാൻപാടുള്ളതല്ല.

(3) (1)ഉം (2)ഉം ഉപവകുപ്പുകളിലെ വ്യവസ്ഥകൾ, ഒരു കാൺട്രാക്ററിൽ നിന്ന് ഉദ്ഭവിക്കുന്ന ഒരു അവകാശം പ്രാവർത്തികമാക്കുവാൻ കൊണ്ടുവരുന്ന തട്ടിക്കഴിക്കുവാനുള്ള ഒരു അവകാശവാദത്തിനോ മററുനടപടിക്കോ കൂടി ബാധകമാകുന്നതാണ് എന്നാൽ അവ—

(ക) ഫേം വിഘടനം ചെയ്യുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ വിഘടിതമായഫേമിന്റെ കണക്കുകൾക്കു വേണ്ടിയോ, വ്യവഹാരപ്പെടാനുള്ള ഏതെങ്കിലും അവകാശമോ അല്ലെങ്കിൽ വിഘടിതമായ ഫേമിന്റെ വസ്തു വസൂലാക്കാനുള്ള ഏതെങ്കിലും അവകാശമോ അധികാരമോ പ്രാവർത്തികമാക്കുന്നതിനേയോ, അല്ലെങ്കിൽ

(ഖ) നിർദ്ധനനായ ഒരു പങ്കാളിയുടെ വസ്തു വസൂലാക്കാൻ പ്രസിഡൻസി ടൗൺസ് ഇൻസാൾവൻസി ആക്ററ്, 1909 (1909-ലെ 3) നോ പ്രൊവിൻഷ്യൽ ഇൻസാൾവൻസി ആക്ററ്, 1920 (1920-ലെ 5) നോ കീഴിലുള്ള അഫിഷ്യൽ അസൈനിയുടേയോ റിസീവറുടേയോ, കോടതിയുടേയോ അധികാരങ്ങളേയോ,

ബാധിക്കുന്നതല്ല.

(4) ഈ വകുപ്പ്—

(ക) ഏതു ഫേമുകൾക്കാണോ ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ ബിസിനസ്സ് സ്ഥലം ഇല്ലാതിരിക്കുകയോ അല്ല

ങ്കിൽ ആ രാജ്യക്ഷേത്രങ്ങളിലെ അതിന്റെ ബിസിനസ്സ് സ്ഥലങ്ങൾ 56-ാം വകുപ്പിൻകീഴിലുള്ള വിജ്ഞാപനം വഴി ഈ അദ്ധ്യായം ബാധകമല്ലാത്ത പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഫേമുകൾക്കോ ഫേമിലെ പങ്കാളികൾക്കോ, അല്ലെങ്കിൽ

(ഖ) പ്രസിഡൻസിടൗണുകളിൽ പ്രസിഡൻസി സ്മാൾകാസ്കോർട്ട്സ് ആക്റ്റ്, 1882 (1882-ലെ 15)-ലെ 19-ാം വകുപ്പിൽ വിനിർദ്ദിഷ്ടമായ തരത്തിലുള്ളതല്ലാത്തതോ, അല്ലെങ്കിൽ പ്രസിഡൻസി ടൗണുകൾക്ക് പുറത്ത് പ്രൊവിൻഷ്യൻ സ്മാൾ കാസ് കോർട്ട്സ് ആക്റ്റ്, 1887 (1887-ലെ 9)-ലെ രണ്ടാം പട്ടികയിൽ വിനിർദ്ദിഷ്ടമായ തരത്തിലുള്ളതല്ലാത്തതോ ആയ, നൂറു രൂപ മൂല്യത്തിൽ കവിയാത്ത ഏതെങ്കിലും വ്യവഹാരത്തിനോ തട്ടിക്കഴിക്കുവാനുള്ള അവകാശവാദത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിനോ അവകാശ വാദത്തിനോ ആനുഷംഗികമായതോ അതിൽനിന്ന് ഉദ്ഭവിക്കുന്നതോ ആയ ഏതെങ്കിലും വിധി നടത്തു നടപടിക്കോ മററു നടപടിക്കോ,

ബാധകമാകുന്നതല്ല.

70. വ്യാജമായ വിവരങ്ങൾ നല്കുന്നതിനുള്ള ദണ്ഡനം.—വ്യാജമാണെന്ന് തനിക്ക് അറിയാവുന്നതോ സത്യമാണെന്ന് താൻവിശ്വസിക്കാത്തതോ ആയ ഏതെങ്കിലും വിവരം അടങ്ങിയതോ, അല്ലെങ്കിൽ അപൂർണ്ണമാണെന്ന് തനിക്ക് അറിയാവുന്നതോ പൂർണ്ണമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയ വിവരങ്ങൾ അടങ്ങിയതോ ആയതും ഈ അദ്ധ്യായത്തിൻ കീഴിലുള്ളതുമായ ഏതെങ്കിലും പ്രസ്താവനയോ ഭേദഗതിചെയ്യുന്ന പ്രസ്താവനയോ നോട്ടീസോ അറിയിപ്പോ ഒപ്പിടുന്ന ഏതൊരാളും മൂന്നുമാസം വരെയാകാവുന്ന തടവു ശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ അവ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

71. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സ്റേറററ് ഗവൺമെൻറിന്, ഫേം രജിസ്ട്രാർക്ക് അയക്കുന്ന പ്രമാണങ്ങളുടെ കൂടെ അയക്കേണ്ടതോ, അല്ലെങ്കിൽ ഫേം രജിസ്ട്രാറുടെ കസ്ററഡിയിലിരിക്കുന്ന പ്രമാണങ്ങളുടെ പരിശോധനയ്ക്കോ ഫേം രജിസ്ററാറിൽ നിന്നുള്ളപകർപ്പുകൾക്കോ വേണ്ടി കൊടുക്കേണ്ടതായ ഫീസ് നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

എന്നാൽ അങ്ങനെയുള്ള ഫീസ്, പട്ടിക 1-ൽ വിനിർദ്ദേശിച്ച പരമാവധി ഫീസിൽ കവിയാൻ പാടുള്ളതല്ല.

(2) കൂടാതെ സ്റേറററ് ഗവൺമെൻറിന്—

(ക) 58-ാം വകുപ്പിൻകീഴിൽ ബോധിപ്പിക്കുന്ന പ്രസ്താവനയ്ക്കും അതു സത്യബോധപ്പെടുത്തുന്നതിനും ഉള്ള ഫാറം നിർണ്ണയിക്കുന്നതും,

(ഖ) 60, 61, 62, 63 എന്നീ വകുപ്പുകളിൻ കീഴിലുള്ള പ്രസ്താവനകളും അറിയിപ്പുകളുംനോട്ടീസുകളും നിർണ്ണയിക്കപ്പെട്ട ഫാറത്തിലായിരിക്കണമെന്ന് ആവശ്യപ്പെടുകയും അവയ്ക്കുള്ള ഫാറം നിർണ്ണയിക്കുകയും ചെയ്യുന്നതും,

(ഗ) ഫേം രജിസ്ററിലുള്ള ഫാറവും അതിൽ ഫേമുകളെ കുറിച്ചുള്ള ഉൾക്കുറിപ്പുകൾ ചേർക്കേണ്ട സംപ്രദായവും അങ്ങനെയുള്ള ഉൾക്കുറിപ്പുകൾ ഭേദഗതി ചെയ്യേണ്ടതോ അവയിൽ കുറിപ്പുകൾ ചേർക്കേണ്ടതോ ആയ സംപ്രദായവും നിർണ്ണയിക്കുന്നതും,

(ഘ) തർക്കങ്ങൾ ഉദ്ഭവിക്കുമ്പോഴുള്ള രജിസ്ട്രാറുടെ നടപടിക്രമം ക്രമപ്പെടുത്തുന്നതും,

(ങ) രജിസ്ട്രാർക്ക് കിട്ടുന്ന രേഖകൾ ഫയൽ ചെയ്യുന്നത് ക്രമപ്പെടുത്തുന്നതും,

(ച) അസൽ രേഖകൾ പരിശോധിക്കുന്നതിനുള്ള ഉപാധികൾ നിർണ്ണയിക്കുന്നതും,

(ഛ) പകർപ്പുകൾ നല്കുന്നത് ക്രമപ്പെടുത്തുന്നതും,

(ജ) രജിസ്റ്ററുകളും രേഖകളും വേണ്ടന്ന് വയ്ക്കുന്നത് ക്രമപ്പെടുത്തുന്നതും,

(ഝ) ഫേം രജിസ്ററിന് ഒരു സൂചിക വച്ചുപോരുന്നതിനും, അതിന്റെ ഫാറത്തിനും വ്യവസ്ഥ ചെയ്യുന്നതും,

(ഞ) സാമാന്യമായി ഈ അദ്ധ്യായത്തിന്റെ ആവശ്യങ്ങൾ നിറവേററുന്നതിനുള്ളതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(3) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കുന്ന എല്ലാ ചട്ടങ്ങളും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായിരിക്കുന്നതാണ്.

## അദ്ധ്യായം VIII

### അനുപൂരകം

72. <u>പബ്ലിക് നോട്ടീസ് നല്കുന്ന സംപ്രദായം:</u>—ഈ ആക്ററിൻ കീഴിലുള്ള ഒരു പബ്ലിക് നോട്ടീസ്—

(ക) അത് രജിസ്ററർ ചെയ്ത ഫേമിൽ നിന്നു പങ്കാളി പിരിഞ്ഞുപോകുന്നതിനേയോ പുറംതള്ളപ്പെടുന്നതിനേയോ അല്ലെങ്കിൽ രജിസ്ററർ ചെയ്ത ഫേമിന്റെ വിഘടനത്തേയോ, അല്ലെങ്കിൽ മൈനർ എന്ന നിലയിൽ പങ്കാളിത്തത്തിന്റെ ഗുണങ്ങളിൽ പങ്കു ചേർത്തിട്ടുള്ള ഒരാൾക്ക് പ്രായപൂർത്തി ആകുമ്പോൾ അയാൾ രജിസ്ററർ ചെയ്ത ഫേമിലെ പങ്കാളിയാകുവാനോ ആകാതിരിക്കുവാനോ ഐച്ഛികമായി നിശ്ചയിക്കുന്നതിനേയോ സംബന്ധിച്ചായിരിക്കുന്നിടത്ത്, 63-ാം വകുപ്പിൻകീഴിൽ ഫേം രജിസ്ട്രാർക്ക് നോട്ടീസ് നല്കിയും, ഔദ്യോഗിക ഗസററിലും, ഏതു ഫേമിനെ സംബന്ധിച്ചാണോ ആ ഫേമിന്റെ ബിസിനസ്സ് സ്ഥലമോ മുഖ്യബിസിനസ്സ് സ്ഥലമോ സ്ഥിതിചെയ്യുന്ന ജില്ലയിൽ പ്രചരിക്കുന്നതും നാട്ടുഭാഷയിലുള്ളതുമായ ഒരു വർത്തമാനപത്രത്തിലെങ്കിലും പ്രസിദ്ധപ്പെടുത്തിയും,

(ഖ) മറേറതെങ്കിലും സംഗതിയിൽ, ഔദ്യോഗിക ഗസററിലും, അത് ഏതു ഫേമിനെ സംബന്ധിച്ചാണോ, ആ ഫേമിന്റെ ബിസിനസ്സ് സ്ഥലമോ മുഖ്യ ബിസിനസ്സ് സ്ഥലമോ സ്ഥിതി ചെയ്യുന്ന ജില്ലയിൽ പ്രചരിക്കുന്ന നാട്ടുഭാഷയിലുള്ള ഒരു വർത്തമാനപത്രത്തിലെങ്കിലും പ്രസിദ്ധപ്പെടുത്തിയും, ആണ് നല്കപ്പെടുന്നത്.

73. (റദ്ദാക്കലുകൾ) റദ്ദാക്കൽ ആക്ററ്, 1938 (1938-ലെ 1)-ലെ 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.

74. <u>ഒഴിവാക്കൽ:</u>— ഈ ആക്ററിലുള്ള യാതൊന്നും അല്ലെങ്കിൽ ഇതിനാൽ ചെയ്യപ്പെട്ട ഏതെങ്കിലും റദ്ദാക്കലും—

(ക) ഈ ആക്ററിന്റെ പ്രാരംഭത്തിന് മുമ്പ് ആർജ്ജിച്ചിട്ടുള്ളതോ സിദ്ധിച്ചിട്ടുള്ളതോ നേരിട്ടിട്ടുള്ളതോ ആയ ഏതെങ്കിലും അവകാശത്തേയോ

ഉടമാവകാശത്തേയോ അവകാശ ബന്ധത്തേയോ കടപ്പാടിനേയോ ബാദ്ധ്യതയേയോ, അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തേയോ ഉടമാവകാശത്തേയോ അവകാശബന്ധത്തേയോ കടപ്പാടിനേയോ ബാദ്ധ്യതയേയോ ഈ ആക്ററിന്റെ പ്രാരംഭത്തിനുമുമ്പ് ചെയ്തിട്ടുള്ളതോ അനുഭവിച്ചിട്ടുള്ളതോ ആയ എന്തിനെയെങ്കിലുമോ സംബന്ധിച്ചുള്ള ഏതെങ്കിലും നിയമനടപടിയേയോ നിവൃത്തി മാർഗ്ഗത്തേയോ, അല്ലെങ്കിൽ

(ഗ) ഈ ആക്ററിന്റെ പ്രാരംഭത്തിനു മുമ്പ് ചെയ്തിട്ടുള്ളതോ അനുഭവിച്ചിട്ടുള്ളതോ ആയ എന്തിനെയെങ്കിലുമോ, അല്ലെങ്കിൽ

(ഘ) പങ്കാളിത്തം സംബന്ധിച്ച ഈ ആക്ററ് പ്രകടമായി റദ്ദാക്കാത്ത ഏതെങ്കിലും അധിനിയമത്തേയോ, അല്ലെങ്കിൽ

(ങ) പങ്കാളിത്തത്തെ സംബന്ധിക്കുന്ന ഏതെങ്കിലും നിർദ്ധനതാചട്ടത്തേയോ, അല്ലെങ്കിൽ

(ച) ഈ ആക്ററിനോട് അസംഗതമാകാത്ത നിയമത്തിന്റെ ഏതെങ്കിലും ചട്ടത്തേയോ,

ബാധിക്കുകയോ ബാധിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുന്നതല്ല.

## പട്ടിക 1

## പരമാവധി ഫീസ്

[71-ാം വകുപ്പ് (1)-ാം ഉപവകുപ്പ് നോക്കുക]

| ഫീസ് കൊടുക്കേണ്ടത് ഏതു രേഖയേയോ കൃത്യത്തേയോ സംബന്ധിച്ചാണെന്ന് | പരമാവധി ഫീസ് |
|---|---|
| 58-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവന | 3 രൂപ |
| 60-ാം വകുപ്പിൻ കീഴിലുള്ള പ്രസ്താവന | 1 ,, |
| 61-ാം വകുപ്പിൻ കീഴിലുള്ള അറിയിപ്പ് | 1 ,, |
| 62-ാം വകുപ്പിൻ കീഴിലുള്ള അറിയിപ്പ് | 1 ,, |
| 63-ാം വകുപ്പിൻ കീഴിലുള്ള നോട്ടീസ് | 1 ,, |
| 64-ാം വകുപ്പിൻ കീഴിലുള്ള അപേക്ഷ | 1 ,, |
| 66-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ഫേം രജിസ്ററിന്റെ പരിശോധനയ്ക്ക് | രജിസ്ററിന്റെ ഒരു വാല്യം പരിശോധിക്കുന്നതിന് എട്ടണ |
| 66-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ ഒരു ഫേമിനെ സംബന്ധിക്കുന്ന രേഖകളുടെ പരിശോധനയ്ക്ക് | ഒരു ഫേമിനെസംബന്ധിക്കുന്ന എല്ലാ രേഖകളും പരിശോധിക്കുന്നതിന് എട്ടണ |
| ഫേം രജിസ്ററിൽ നിന്നുള്ള പകർപ്പുകൾ | ഓരോ നൂറുവാക്കുകൾക്കോ അതിന്റെ ഭാഗത്തിനോ നാലണ |

പട്ടിക II (റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ) 1938-ലെ റദ്ദാക്കൽ ആക്ററ്, (1938-ലെ 1) 2-ാം വകുപ്പിനാലും പട്ടികയാലും റദ്ദാക്കപ്പെട്ടു.